28-10-2026

Question Hour

മി. സ്പീക്കർ: ഓർഡർ... ഓർഡർ.... ചോദ്യം നമ്പർ (*211)

പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പാട്ടത്തിന് നൽകുന്ന വനഭൂമി

1 (*211) ശ്രീ. ടി. പി. അഷ്റഫലി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കല്ലട മാഹിൻ:
ശ്രീ. ഫൈസൽ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ ഭൂമി പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പാട്ടത്തിന് നൽകാറുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പാട്ടക്കാലാവധിക്കുശേഷം പ്രസ്തുത ഭൂമി തിരിച്ചുപിടിക്കാറുണ്ടോ; അത്തരത്തിൽ തിരിച്ചുപിടിക്കാനുള്ള ഭൂമിയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി തിരിച്ചെടുക്കാൻ കഴിയുന്നില്ലെങ്കിൽ പാട്ടക്കരാർ പുതുക്കാൻ നടപടി സ്വീകരിക്കുമോ?

വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ,

(എ) ഉണ്ട്.

(ബി) ഉണ്ട്. പാട്ടക്കാലാവധി കഴിഞ്ഞ ഭൂമിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+.

(സി) പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി പാട്ടകാലാവധി നീട്ടികിട്ടുന്നതിനായി പാട്ടാദാർ അപേക്ഷ സമർപ്പിച്ചിട്ടില്ലെങ്കിൽ അത്തരം വനഭൂമി സ്വമേധയാ വനം വകുപ്പിൽ നിക്ഷിപ്തമാകും.

ശ്രീ. ടി. പി. അഷ്റഫലി: സർ, നമ്മുടെ കാടിന്റെ ആരോഗ്യം സംരക്ഷിക്കേണ്ട വലിയ ഉത്തരവാദിത്വം നമുക്കുണ്ട്. മനുഷ്യന്റെ ആരോഗ്യം പോലെതന്നെയാണ് കാടിന്റെ ആരോഗ്യവും. കാടിന്റെ ആരോഗ്യം നന്നാവണമെങ്കിൽ അവിടെയുള്ള ജീവജാലങ്ങൾ ഉൾപ്പെടെയുള്ള കാടിന്റെ ആവാസവ്യവസ്ഥ ശരിയായരീതിയിൽ നടക്കുന്നതിനുതകുന്ന മരങ്ങളും സസ്യങ്ങളുമൊക്കെയാണ് അവിടെ ഉണ്ടാകേണ്ടത്. നമ്മുടെ കാട്ടിലെല്ലായിടത്തും നമുക്ക് പച്ചപ്പ് കാണാമെങ്കിലും എല്ലാ പച്ചയും കാടിന്

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

അനുകൂലമായ രീതിയിലുള്ള സസ്യങ്ങളല്ല എന്നതാണ് പുറത്തുവന്നിട്ടുള്ള പഠനങ്ങൾ സൂചിപ്പിക്കുന്നത്. മഞ്ഞക്കൊന്ന, അക്കേഷ്യ, അപ്പ, ചുവന്ന ചീര, കമ്മ്യൂണിസ്റ്റ് പച്ച തുടങ്ങിയ വളരെ വേഗത്തിൽ വളരുന്ന പലവിധത്തിലുള്ള സസ്യങ്ങളും മറ്റും കാടിന്റെ ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നുണ്ട്. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവയ്ക്ക് പകരം കാടിന്റെ ആരോഗ്യത്തെ നിലനിർത്തുന്നതിനാവശ്യമായ മറ്റ് സസ്യങ്ങളോ വൃക്ഷങ്ങളോ വച്ചുപിടിപ്പിക്കുന്നതിന് വേണ്ടിയുള്ള നയങ്ങളോ നിലപാടുകളോ സർക്കാരിനുണ്ടോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, വളരെ പ്രസക്തമായൊരു ചോദ്യമാണിത്. നമ്മുടെ കാടുകളിൽ invasive species ഒരു വലിയ പ്രശ്നമായി മാറിയിരിക്കുകയാണ്. വയനാട് പോലെയുള്ള പ്രദേശത്ത് ഏറ്റവും കൂടുതലായി മഞ്ഞക്കൊന്ന (Senna) ആണ് പ്രശ്നമായി മാറിയിരിക്കുന്നത്. കാലാകാലങ്ങളിലിവിടെ മാറിമാറി വന്ന ഗവൺമെന്റുകൾ നട്ടുവളർത്തിയ യൂക്കാലിയും അക്കേഷ്യയുമൊക്കെ പ്രശ്നങ്ങൾ സൃഷ്ടിക്കുകയാണ്. Habitat restoration-ന് വേണ്ടി ഒരു പദ്ധതി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

നിർഭാഗ്യവശാൽ ഫണ്ടിന്റെ അപര്യാപ്തതയാണ് ഏറ്റവും വലിയ തടസ്സമായി നിൽക്കുന്നത്. പക്ഷെ, ഇനി അങ്ങനെ നമുക്ക് കാത്തുനിൽക്കാൻ കഴിയില്ല. Invasive species-ന്റെ total removal-നായി ഒരു programme തയ്യാറാക്കിയേ പറ്റൂ. അത് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗമിവിടെ പറഞ്ഞത് അതീവഗൗരവമുള്ള വിഷയമാണ്. ആ ഗൗരവത്തോടുകൂടി തന്നെ സർക്കാർ ഈ വിഷയത്തെ സമീപിക്കുന്നതായിരിക്കും.

ശ്രീ. ടി. പി. അഷ്റഫലി: സർ, ജനവാസകേന്ദ്രങ്ങൾക്കിടയിൽ ഫോറസ്റ്റിന്റെ അധീനതയിലുള്ള ഭൂമിയുണ്ട്. അവ ഒരിക്കലും ഒരു കാടിന്റെ രൂപത്തിൽ നിലനിൽക്കുന്നതല്ല. എന്നാൽ അത് ഫോറസ്റ്റിന്റേതായി നിലനിൽക്കുന്നതുമാണ്. പ്രത്യേകിച്ച് നഗരകേന്ദ്രങ്ങളിലൊക്കെ അത്തരം ഭൂമികളുണ്ട്. അത്തരം ഭൂമികളെ മറ്റുള്ള ഡിപ്പാർട്ടുമെന്റുകളുമായി സഹകരിച്ചുകൊണ്ട് കൺവേർട്ട് ചെയ്യാനോ അതല്ലെങ്കിൽ ജനോപകാരപ്രദമായ രീതിയിൽ സർക്കാരിന്റെ മറ്റ് സ്ഥാപനങ്ങൾക്ക് ആവശ്യമായ രീതിയിൽ ഉപയോഗിക്കാനുള്ള ശ്രമങ്ങൾ സർക്കാരിന്റെ

ഭാഗത്ത് നിന്ന് ഉണ്ടോ; കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ വാഴക്കാട് പഞ്ചായത്തിലെ വെട്ടത്തൂർ കള്ളിക്കാട് ഇത്തരത്തിലുള്ള ഒൻപതര ഏക്കർ സ്ഥലമുണ്ട്. ചുറ്റും മനുഷ്യർ താമസിക്കുന്നതാണ്. എന്നാൽ ഈ സ്ഥലം മാത്രം അവിടെ അങ്ങനെ നിൽക്കുകയാണ്. ചാലിയാർ പുഴയോട് ചേർന്നുള്ള ഒരു പ്രദേശമാണിത്. അവിടെ ടൂറിസവുമായി ബന്ധപ്പെടുത്തി നിരവധി പ്രോജക്ടുകൾക്ക് വളരെയധികം സാധ്യതയുള്ളതാണ്. ഇത്തരത്തിൽ ജനവാസകേന്ദ്രങ്ങൾക്ക് ഇടയിലുള്ള വനഭൂമികൾ ഐഡന്റിഫൈ ചെയ്ത് അവയെ ജനങ്ങൾക്കും സർക്കാരിനും ആവശ്യമായ രീതിയിലേക്ക് മാറ്റി പദ്ധതികൾ നടപ്പിലാക്കാൻ സർക്കാരിന് ആലോചനയുണ്ടോ?

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, Forest-ന്റെ status അനുസരിച്ച് മാത്രമേ അത് ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ. Reserve Forest പോലെ പലതലത്തിലുള്ള status വെച്ചുകൊണ്ടുള്ള ഉപയോഗം മാത്രമേ സാധിക്കുകയുള്ളൂ. പക്ഷെ, തീർച്ചയായും അതിന്റെ സാധ്യതകൾ കൂടുതലായി പ്രയോജനപ്പെടുത്താനായി Forest Department-ൽ നിന്ന് മറ്റ്

വകുപ്പുകളിലേക്ക് കൈമാറാൻ നിയമവ്യവസ്ഥയില്ല. എന്നാലത് വളരെ വലിയൊരു പ്രോസസാണ്. ബഹുമാനപ്പെട്ട അംഗമിവിടെ പരാമർശിച്ച അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ ഭൂമിയെക്കുറിച്ച് എനിക്കറിയാം. പ്രസ്തുത ഭൂമി സോഷ്യൽ ഫോറസ്ട്രിയുടെ കീഴിലുള്ളതാണ്. ഒൻപത് ഏക്കർ ഭൂമിയാണവിടെ ആകെയുള്ളത്. കോഴിക്കോട് വിമാനത്താവളത്തിൽ നിന്ന് ഇരുപത് കിലോമീറ്ററിനകത്തുള്ള സ്ഥലമാണത്. അത് ഫോറസ്റ്റിൽ നിർത്തിക്കൊണ്ട് എങ്ങനെ നമുക്ക് പ്രയോജനപ്പെടുത്താമെന്നതിനെക്കുറിച്ച് പരിശോധിച്ചുവരുകയാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, പരമ്പരാഗത വനവാസികളുടെയും ആദിവാസികളുടെയും സംരക്ഷണം വനാവകാശ നിയമം ഉറപ്പ് നൽകുന്നുണ്ട്. ആയത് ഉറപ്പ് വരുത്തുകയും ഭൂമിയിലെ വനാവരണവും ജൈവവൈവിദ്ധ്യവും സംരക്ഷിക്കുന്നതിന് വാർഷിക പരിശോധനയും പാരിസ്ഥിതിക നിരീക്ഷണവും ഉറപ്പ് വരുത്തേണ്ടതുണ്ട്. എന്നാൽമാത്രമേ ഇവ സംരക്ഷിക്കാൻ സാധിക്കുകയുള്ളൂ. സംസ്ഥാനത്തെ സ്വകാര്യപൊതുമേഖലാ സ്ഥാപനങ്ങൾക്ക് പാട്ടത്തിന് നൽകിയിട്ടുള്ള

ഭൂമിയിൽ നിന്ന് റബ്ബർ അടക്കമുള്ള മരങ്ങൾ മുറിച്ച് മാറ്റുമ്പോൾ വനം വകുപ്പ് ഇടാക്കുന്ന സീഞ്ഞിയറേജ് തുക പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എങ്ങനെയാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, വളരെ കൗതുകകരമായ ഒരു വിഷയമാണിത്. സർക്കാർ പാട്ടത്തിന് നൽകിയിട്ടുള്ള ഭൂമി ഏറ്റവും കൂടുതലുള്ളത് പ്രധാനമായും ഹാരിസൺ മലയാളം പോലെയുള്ള രണ്ടുമൂന്ന് കമ്പനികളുടെ കൈവശമാണ്. 2018-ലെ ഒരു വിചിത്രമായ ഉത്തരവ് കാണാൻ ഇടയായി, ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 5 അഡീഷണൽ ചീഫ് സെക്രട്ടറിമാർ ചേർന്ന ഒരു ഉന്നതഅധികാര സമിതി 2500 രൂപ സീഞ്ഞിയറേജ് ആയിരുന്നത് 1000 രൂപയായി കുറയ്ക്കണമെന്ന ഒരു ശിപാർശ ഗവൺമെന്റിന് നൽകി. എന്നാൽ സീഞ്ഞിയറേജ് പൂർണ്ണമായും ഒഴിവാക്കി സൗജന്യമാക്കിക്കൊടുക്കുന്ന തീരുമാനമാണ് അന്നത്തെ ഗവൺമെന്റ് കൈക്കൊണ്ടത്. അതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒരു കേസ് നിലനിൽക്കുന്നുണ്ട്. റബ്ബർ വ്യവസായത്തിന്റെ നഷ്ടമെന്ന് പറഞ്ഞുകൊണ്ട് എച്ച്.എം.എൽ.

പോലെയൊരു കമ്പനിക്ക് പൂർണ്ണമായി സീഞ്ഞിയറേജ് ഒഴിവാക്കിക്കൊടുത്ത പശ്ചാത്തലം എന്താണെന്ന് മനസ്സിലാകുന്നില്ല. അത് എന്തായാലും ഗവൺമെന്റ് പരിശോധിച്ച് വരുകയാണ്.

<u>ശ്രീ. ഫൈസൽ ബാബു</u>: സർ, വനം വകുപ്പ് കൈമാറിയ പാട്ടഭൂമികളിൽ സ്വാഭാവികമായ വനത്തിന്റെ നാശം, പരിസ്ഥിതി ആഘാതം എന്നിവ സംബന്ധിച്ച് സ്വതന്ത്രമായ പരിശോധന നടത്തേണ്ടതല്ലേ; തിരിച്ച് പിടിക്കുന്ന വനഭൂമി വീണ്ടും വൻകിടക്കാരെ ഏൽപ്പിക്കുന്നതിന് പകരം ചെറുകിട സംരംഭകർക്കും വ്യക്തികൾക്കും പാട്ടത്തിന് നൽകാൻ സർക്കാരിന് പദ്ധതിയുണ്ടോ?

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, ഇതുവരെ അത്തരത്തിൽ ഭൂമി തിരിച്ചുപിടിച്ച് വൻകിടക്കാർക്ക് കൈമാറിയതായി എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പലപ്പോഴും ഇത് പിടിച്ചെടുക്കുന്നത്, പ്ലാന്റേഷന്റെ സ്വഭാവം തന്നെ നഷ്ടപ്പെട്ട് അവിടത്തെ തൊഴിലാളികൾക്ക് തൊഴിൽ ഇല്ലാതെയാകുന്നുവെന്നും അവിടം വനമായി മാറുന്നുവെന്നുമുള്ള ആക്ഷേപങ്ങളാണ് പലപ്പോഴും ഉയർന്നു വന്നിട്ടുള്ളത്. എന്തായാലും ഭൂമി

പിടിച്ചെടുത്ത് വൻകിടക്കാർക്കോ ചെറുകിടക്കാർക്കോ നൽകാനും സാധിക്കില്ല. അതാണ് നിയമവ്യവസ്ഥ.

മി. സ്പീക്കർ: ശ്രീ. കല്ലട മാഹിന് പകരം മറ്റൊരു അംഗത്തിന്റെ പേര് ഇവിടെ എഴുതി നൽകിയിട്ടുണ്ട്. എന്നാൽ അത് പാസ് ഓൺ ചെയ്തതിന് ശേഷമാണ് ഈ കത്ത് എനിക്ക് ലഭിച്ചത്. അത് ഖേദപൂർവ്വം ഒഴിവാക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, പശ്ചിമഘട്ടത്തിന്റെ ഏറ്റവും മനോഹരമായ ഭാഗമാണ് അതിരപ്പിള്ളി. ഏറ്റവും അവസാനം റിലീസായ ജയിലർ 2 അടക്കമുള്ള സിനിമകൾ ഷൂട്ട് ചെയ്ത വളരെ മനോഹരമായ സ്ഥലമാണത്. അതിരപ്പിള്ളിയിൽ ഒരു വർഷം 30 ലക്ഷത്തോളം സഞ്ചാരികൾ വരുന്നുണ്ട്. അവർക്ക് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഇല്ലാത്തതിനാൽ അവർ വളരെ പ്രയാസപ്പെടുകയാണ്. ഒരു വർഷം ഗേറ്റ് പാസ് ഇനത്തിൽ മാത്രം ഏകദേശം 8 കോടിയോളം രൂപ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന് അവിടെ നിന്ന് ലഭിക്കുന്നുണ്ട്. അതിരപ്പിള്ളി, വാഴച്ചാൽ, മലക്കപ്പാറ തുടങ്ങിയ സ്ഥലങ്ങളുടെ ടൂറിസം സാധ്യതകൾ

പ്രയോജനപ്പെടുത്തിക്കൊണ്ട് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി അത് കൂടുതൽ മനോഹരമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ ശരിയായ കാര്യമാണ്. ഇപ്പോൾ തന്നെ ശരാശരി 30 ലക്ഷം പേർ വരുന്നുണ്ട്, വലിയ വരുമാനമുണ്ട്. പക്ഷെ 30 ലക്ഷം പേരെ താങ്ങാനുള്ള ഒരു carrying capacity അവിടെ ഉണ്ടോ ഇല്ലയോ എന്നത് പരിശോധിക്കേണ്ട കാര്യമാണ്. മാത്രമല്ല, പ്രകൃതി പ്രിസർവ് ചെയ്യുന്നതിനൊപ്പം ടൂറിസവും കൂടി പ്രോൽസാഹിപ്പിക്കുന്ന 135 കോടി രൂപയുടെ ഒരു ബൃഹത് പദ്ധതി 'സ്വദേശ് ദർശൻ' എന്ന കേന്ദ്ര ഗവൺമെന്റിന്റെ ഒരു പദ്ധതിയുടെ ഭാഗമായി കേന്ദ്ര ഗവൺമെന്റിന് സബ്മിറ്റ് ചെയ്തു. തൃശ്ശൂർ ജില്ലയിൽ നിന്നുള്ള എം.പി.-യായ ശ്രീ. സുരേഷ് ഗോപി കേന്ദ്ര ടൂറിസം വകുപ്പിന്റെ സഹമന്ത്രിയാണ് എന്നിട്ടുപോലും..... ഇത് മാത്രമല്ല, ടൂറിസം ഡിപ്പാർട്ടുമെന്റ് നൽകിയ ഒരു പ്രോജക്ട് പോലും കേന്ദ്രം കേരളത്തിന് അനുവദിച്ചില്ലായെന്ന വളരെ ദൗർഭാഗ്യകരമായ ഒരു സ്ഥിതിയുണ്ട്. എന്തായാലും പ്രസ്തുത പദ്ധതി ഉപേക്ഷിക്കുന്നില്ല. ആ ടൂറിസം

പദ്ധതിക്ക് എങ്ങനെ ബദൽ സംവിധാനം ഉണ്ടാക്കാൻ സാധിക്കുമെന്ന് പരിശോധിച്ചുവരുകയാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, കഴിഞ്ഞ എൽ.ഡി.എഫ്. ഭരണകാലത്ത് കാര്യക്ഷമമായി പ്രവർത്തിച്ചിരുന്ന ആർ.ആർ.ടി. (Rapid Response Team) ടീമുകൾക്ക് ഇപ്പോൾ അവർക്കാവശ്യമായ വാഹനങ്ങളോ, വെടിവയ്ക്കുന്നതിനുവേണ്ടിയുള്ള ആധുനിക ഉപകരണങ്ങളോ ലഭ്യമായിട്ടില്ലെന്ന പരാതി അങ്ങ് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, കഴിഞ്ഞ അഞ്ച് മാസത്തിനിടയിൽ ഞാനൊന്നും എടുത്ത് മാറ്റിയിട്ടില്ല. അന്നുണ്ടായിരുന്ന എല്ലാ സംവിധാനങ്ങളും ഇപ്പോഴും ആർ.ആർ.ടി.-യുടെ പക്കലുണ്ട്. പുതുതായി കുറച്ചുകൂടി നൽകാൻ മാത്രമേ ശ്രമിച്ചിട്ടുള്ളൂ.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, തിരൂരിന്റെ ചരിത്രവും മാഹാത്മ്യവുമൊക്കെ അറിയാമല്ലോ. തിരൂരിലെ പ്രധാനപ്പെട്ടൊരു സ്ഥലമാണ് തിരുനാവായ, ഏറെ ചരിത്രങ്ങൾ ഉറങ്ങിക്കിടക്കുന്നൊരു സ്ഥലമാണ്. അവിടെയാണ് താമരക്കായലുള്ളത്. താമരക്കായലിനോട് ചേർന്ന് ഒരുപക്ഷി സങ്കേതമുണ്ട്,

നീർപക്ഷികളുടെ സങ്കേതമാണ്. ആലപ്പുഴ ജില്ലയിലെ നൂറനാടിനെ പക്ഷി ഗ്രാമമായി പ്രഖ്യാപിച്ചിട്ടുണ്ട്. അതുപോലെ കേരളത്തിൽ ഒറ്റപ്പെട്ടതും വളരെയേറെ പ്രാധാന്യമുള്ളതും ഏറെ ടൂറിസ്റ്റുകൾ വരുന്നതുമായ സൗത്ത് പള്ളാറിലെ ഈ പ്രദേശത്തെ നീർപക്ഷി ഗ്രാമമായി പ്രഖ്യാപിക്കാൻ സന്നദ്ധമാകുമോ?

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, നമ്മുടെ ബയോ ഡൈവേഴ്സിറ്റി യഥാർഥത്തിൽ ഇന്നുവരെ പ്രമോട്ട് ചെയ്തിട്ടില്ല. One of the richest biodiversity in the world ആണ് കേരളത്തിലുള്ളത്. ഓരോ പ്രദേശത്തെയും സവിശേഷതകൾ നോക്കിയിട്ട് ബഹുമാനപ്പെട്ട മെമ്പർ ഇങ്ങനെയൊരു ആവശ്യം ഉന്നയിച്ചിരുന്നു. അത് പരിശോധിക്കാവുന്നതാണ്. ആറളം പോലുള്ളൊരു പ്രദേശം അറിയപ്പെടുന്നത് Man-Animal Conflict-നാണ്. പക്ഷേ അത് നമുക്കൊരു ശലഭ ഗ്രാമം എന്നുള്ള നിലയിലേക്ക് ഡെവലപ് ചെയ്യാനുള്ളൊരു പ്രൊപ്പോസലുണ്ട്. അതിനോടൊപ്പമിത് നീർപക്ഷി ഗ്രാമമായി പ്രഖ്യാപിക്കാനുള്ള സാധ്യതയെക്കുറിച്ച് പരിശോധിച്ച് മറുപടി നൽകാം.

<u>ശ്രീ. കെ. രാജൻ</u>: സർ, നമ്മുടെ സംസ്ഥാനത്ത് നേരത്തെതന്നെ ജോയിന്റ് വെരിഫിക്കേഷൻ നടത്തി കേന്ദ്രത്തിലോട്ടയച്ച ധാരാളമായിട്ടുള്ള പട്ടയ

അപേക്ഷകളിൽ കേന്ദ്രം അൺപ്രോപ്പറെന്ന് എഴുതി തിരിച്ചയച്ച അനുഭവങ്ങളുണ്ടായി. അഞ്ച് ജില്ലകളിലാണ് പ്രധാനമായിട്ടും ഇത്തരത്തിലുള്ള അപേക്ഷകൾ ധാരാളമായിട്ടുള്ളത്. ചാലക്കുടിയിലും തൃശ്ശൂരും ഉൾപ്പെടെ അത്തരത്തിൽ തിരിച്ചയച്ച അപേക്ഷകളിൽ വീണ്ടും പ്രോപ്പറാകുന്നതിനുവേണ്ടി പ്രത്യേക സർവെ ടീമിനെവച്ച് പരിശോധിച്ച് അതിലടയാളങ്ങൾ രേഖപ്പെടുത്തി പുതിയ നിയമമനുസരിച്ച് ടോപ്പോഷീറ്റിലേക്ക് മാറ്റി അങ്ങ് പറയാറുള്ളതുപോലെ പരിവേഷ് പോർട്ടലിൽ എന്റർ ചെയ്തുവച്ചിരിക്കുകയാണ്. അതിൽ പക്ഷേ വനം വകുപ്പ് ആദ്യമയച്ച കൊറി ഇതിന്റെ ഡീഫോറസ്റ്റേഷൻ; പരിഹാര വനവൽക്കരണത്തിന്റെ ഭൂമിയെവിടെ എന്നാണ്. നേരത്തെ ഇതിന്റെ പരിഹാരത്തിനായി നമ്മൾ കേന്ദ്ര വനം വകുപ്പ് മന്ത്രി ശ്രീ. ഭൂപേന്ദർ യാദവുമായി ചർച്ച ചെയ്തിരുന്നു. പരിഹാര വനവൽക്കരണ ഭൂമി അപേക്ഷ അയയ്ക്കുന്ന സമയത്തുതന്നെ നാം വനം വകുപ്പിന് കൈമാറിയിട്ടുണ്ട്. അക്കാര്യം വനം വകുപ്പ് ഉദ്യോഗസ്ഥരെ അന്ന് ബോധ്യപ്പെടുത്തിയിരുന്നു. ഇപ്പോൾ സ്കൂട്ടണി നടത്താനെന്ന പേരിൽ ദീർഘകാലമായി ഫോറസ്റ്റിന്റെ കയ്യിലിരിക്കുകയാണ്. അതുമായി ബന്ധപ്പെട്ട ചർച്ചകളെല്ലാം നടക്കുന്നുണ്ട്. കേന്ദ്രത്തിൽനിന്ന് അതൊന്ന് അനുവദിച്ചു

കിട്ടിയാൽ കേരളത്തിൽ നിന്നുള്ള 15000 പേർക്ക് പട്ടയം ലഭിക്കാനുള്ള സൗകര്യങ്ങളുണ്ടാകും. അക്കാര്യത്തിൽ അങ്ങ് പ്രത്യേകം ശ്രദ്ധിക്കുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, ഇതൊരു പ്രശ്നമായിത്തന്നെ നിലനിൽക്കുകയാണ്. Compensatory afforestation നമ്മൾ ഭൂമി നൽകിയിട്ട് അതുവഴി പട്ടയം പലർക്കും നൽകിയിരുന്നു. പട്ടയം നൽകിയതുപോലും അതത് സമയങ്ങളിൽ de-reserved ചെയ്തില്ലെന്ന് പറഞ്ഞുകൊണ്ട് ഏറെ തടസ്സങ്ങളുണ്ടായിക്കൊണ്ടിരിക്കുകയാണ്. അത് സമഗ്രമായി പരിശോധിക്കാം. Compensatory afforestation-ന് കൊടുത്തുകഴിഞ്ഞാൽ പട്ടയം കൊടുക്കേണ്ടതും എല്ലാ അധികാരവും ലഭിക്കേണ്ടതാണ്. ഇങ്ങനെയുള്ള സങ്കീർണമായ വിഷയം പരിഹരിക്കപ്പെടാതെ വർഷങ്ങളായി കിടന്നത് പരിഹരിക്കാനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. സി. വി. ശാന്തകുമാർ: സർ, വനം വകുപ്പ് നിലവിൽ കൈവശം വച്ചിരിക്കുന്ന കുറച്ച് ഭൂമിയുണ്ട്. സ്വമേധയാ കുറേപേർ ഒഴിയേണ്ടതായിട്ടുണ്ട്. അവരെ deforestation ചെയ്യുമ്പോൾ പുനരധിവസിപ്പിക്കാനുള്ള പദ്ധതി ആവിഷ്കരിക്കുമോ; അതോടൊപ്പംതന്നെ നമ്മുടെ അച്ചൻകോവിൽ മലനിരകളിൽ

കുടുംബശ്രീയെയും അതുപോലെ ശബരിമല മണ്ഡല തീർഥാടനം നടക്കുമ്പോൾ സീസണൽ ഫെസ്റ്റിവൽ നടത്തി നാട്ടിലുള്ള സ്വകാര്യ ചെറുകിട സംരംഭകരെയും ചേർത്തുകൊണ്ട് അവർക്കുകൂടി കൈകാര്യം ചെയ്യാനുള്ള അവസരം നൽകുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, ആദ്യത്തെ ചോദ്യം എന്തായിരുന്നു?. രണ്ട് ചോദ്യം വന്നിരുന്നു.

മി. സ്പീക്കർ: രണ്ടിലൊന്നിന് ഉത്തരം നൽകിയാൽ മതി.

ശ്രീ. സി. വി. ശാന്തകുമാർ: സർ, deforestation-നെക്കുറിച്ചായിരുന്നു ചോദ്യം.

ശ്രീ. ഷിബു ബേബി ജോൺ: സർ, രണ്ടാമത്തേത് എന്റെ അധികാരപരിധിയിൽ വരുന്നതല്ല. നവകിരണം എന്നൊരു പദ്ധതി കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ നടപ്പിലാക്കിയിരുന്നു. 2019-ൽ ആർ.കെ.വി.ഡി. വഴിയും അതിനുശേഷം കിഫ്ബി ഫണ്ടുപയോഗിച്ചും പൂർണ്ണമായി വിനിയോഗിച്ചിരുന്നു. അവസാനത്തെ കുറച്ച് തുക വച്ച് അത് പൂർത്തീകരിച്ചിട്ടുണ്ട്. പക്ഷേ, 2024-ന് ശേഷം അതിനായി ഫണ്ട് വകയിരുത്തിയിട്ടില്ല. തീർച്ചയായും അടുത്ത ബജറ്റ് വരുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ചർച്ച ചെയ്ത്

കുറച്ചുകൂടി ഫണ്ട് അനുവദിച്ച് അത് പ്രയോജനകരമാക്കാം. ബാക്കിയുള്ളവരെക്കൂടി വനാതിർത്തിയിൽനിന്ന് ഒഴിവാക്കുന്നതിനും മാറ്റിപാർപ്പിക്കുന്നതിനും പ്രയോജനകരമാണ്. അതിനായി ഗവൺമെന്റ് ഫണ്ടിന്റെ availability വച്ച് മുന്നോട്ടുപോകുന്നതായിരിക്കും.

ശ്രീ. യു. ആർ. പ്രദീപ്: സർ, നമ്മുടെ വനാതിർത്തിയിൽ കുടുംബപരമായി കിട്ടിയ ഭൂമിയിൽ ധാരാളം ആളുകൾ താമസിക്കുന്നുണ്ട്. കഴിഞ്ഞതവണ അത് നേരിട്ടനുഭവപ്പെട്ട കാര്യമാണ്. ലൈഫ് പദ്ധതിയിലെല്ലാം വരുന്നയാളുകൾക്ക് വനം വകുപ്പിൽനിന്നും എൻ.ഒ.സി. ലഭിക്കാൻ ധാരാളം പ്രയാസമുണ്ടാകുന്നു. യഥാർഥത്തിൽ അതിന്റെ നടപടിക്രമമെന്താണെന്നും കാലതാമസം ഒഴിവാക്കിക്കൊടുക്കാനും എന്തൊക്കെ കാര്യങ്ങൾ ചെയ്യാൻ സാധിക്കും?

ശ്രീ. ഷിബു ബേബി ജോൺ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ആദ്യം ചെയ്ത കാര്യങ്ങളിലൊന്ന് എൻ.ഒ.സി.-യുടെ കാലതാമസം ഒഴിവാക്കുക എന്നുള്ളതായിരുന്നു. വളരെ ക്ലിയർ കട്ടായി ഡയറക്ഷൻ നൽകിയിട്ടുണ്ട്. എൻ.ഒ.സി.-ക്കായി ഒരു കർഷകൻ അല്ലെങ്കിൽ ഒരു വ്യക്തി അപേക്ഷിച്ച് കഴിഞ്ഞാൽ മറ്റ് നിയമ കുരുക്കുകളൊന്നുമില്ലെങ്കിൽ സർവെ അടക്കം

ആവശ്യമില്ലെങ്കിൽ മൂന്ന് മാസത്തിനകം അനുവാദം കൊടുത്തിരിക്കണം. അതല്ല സർവെ അടക്കം ആവശ്യമുണ്ടെങ്കിലും ആറ് മാസത്തിനകം എൻ.ഒ.സി. കൊടുത്തിരിക്കണം. ഇല്ലാത്തപക്ഷം അത് ഡീമ്ഡ് പെർമിഷനായി കണക്കാക്കപ്പെടുമെന്ന നിർദ്ദേശം ഇതിനോടകംതന്നെ കൊടുത്തിട്ടുണ്ട്. ഇതിന്റെ പേരിൽ കേരളത്തിലെ എല്ലാ സർക്കിളിലും അദാലത്ത് നടത്തിയതിന്റെ അടിസ്ഥാനത്തിൽ വലിയൊരു ബാക്ക് ലോഗുണ്ടായിരുന്നത് ക്ലിയർ ചെയ്താണ് മുന്നോട്ട് പോകുന്നത്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഒരു ലക്ഷണമൊത്ത മരം മൂന്ന് ഓക്സിജൻ സിലിണ്ടറുകൾക്ക് സമാനമായ ഓക്സിജൻ നൽകുന്നുവെന്നാണ് കണക്ക്. ആശുപത്രിയിൽ കിടക്കുമ്പോൾ ഒരു ഓക്സിജൻ സിലിണ്ടർ വാങ്ങാൻ ആയിരം രൂപ കൊടുക്കണം. അങ്ങനെ നോക്കിയാൽ ഒരു മരം 3000/- രൂപയുടെ ഓക്സിജൻ ഒരു ദിവസം നൽകും. ഒരു മാസമാകുമ്പോൾ അത് 30,000/- ആകുകയും ഒരു വർഷം 360000/- രൂപയുമാകും. 50 വർഷം ഒരു മരം നിന്നാൽ കോടികളുടെ ഓക്സിജനാണ് നമുക്ക് നൽകുന്നത്. ഇതിന്റെയൊരു വമ്പിച്ച പ്രാധന്യം നമ്മളാരും പലപ്പോഴും മനസ്സിലാക്കുന്നില്ല. എല്ലായിടത്തുനിന്നും മരങ്ങൾ മുറിച്ച് മാറ്റാനാണ് ശ്രമിക്കുന്നത്.

അതുകൊണ്ട് പുതിയ തലമുറയിലെങ്കിലും വൃക്ഷം വച്ചുപിടിപ്പിക്കുന്നതിന്റെ പ്രാധാന്യം ഉൾക്കൊള്ളുന്നതിനുവേണ്ടി സ്കൂളുകളിൽ ടീ ക്ലബ്ബുകൾ വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കാൻ കഴിയുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, ഏറെ പ്രസക്തമായൊരു കാര്യമാണ്. ഞാൻ ഈ വകുപ്പിന്റെ ചുമതലയെടുത്തതിനുശേഷം ഇക്കാര്യങ്ങൾ പരിശോധിച്ചപ്പോൾ സോഷ്യൽ ഫോറസ്ട്രി എന്നൊരു വകുപ്പ് ലക്ഷക്കണക്കിന് തൈകൾ എല്ലാവർഷവും ഉൽപാദിപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു. പക്ഷേ, ഇതെല്ലാം വളർന്നിരുന്നുവെങ്കിൽ കേരളത്തിലിന്ന് മനുഷ്യർക്ക് താമസിക്കാനുള്ള സ്ഥലമുണ്ടാകുമായിരുന്നില്ല. അതുകൊണ്ട് ഇനി അതിൽനിന്നും വ്യത്യസ്തമായി പുതിയ തലമുറയെ അല്ലെങ്കിൽ സ്കൂൾ തലത്തിൽത്തന്നെ അവരെ പ്രോത്സാഹിപ്പിച്ച് ഒരു ബയോഡൈവേഴ്സിറ്റി ടീ ക്ലബ് എന്നുള്ളതല്ല ബയോഡൈവേഴ്സിറ്റിയുടെ എല്ലാഭാഗവും സംരക്ഷിക്കുന്ന നിലയിലേക്ക് അതിന്റെ വോളന്റിയേഴ്സ് ആക്കി മാറ്റുന്ന നിലയിലേക്കുള്ളൊരു പ്രക്രിയയ്ക്ക് തുടക്കം കുറിക്കണം. കഴിഞ്ഞ തലമുറകളൊക്കെ മരം മുറിക്കുക എന്നുള്ളതായിരുന്നു അവരുടെ ജീവിത ലക്ഷ്യമെങ്കിൽ അതിൽ നിന്ന് വ്യത്യസ്തമായി സംരക്ഷിക്കണം. ബഹുമാനപ്പെട്ട

മെമ്പർ സൂചിപ്പിച്ചതുപോലെ 50 വർഷമല്ല ഒരു മരത്തിന്റെ പഴക്കമെന്ന് പറയുന്നത്. ലോകത്തെ ഏറ്റവും പ്രായം ചെന്ന മരമെന്ന് പറയുന്നത് ജപ്പാനിലുള്ള 9550 വർഷം പ്രായമുള്ള മരമാണ്. ആ നിലയിലേക്ക് നമുക്കത് പ്രോത്സാഹിപ്പിക്കേണ്ടതാണ്. ആ നിർദ്ദേശം സ്വീകരിക്കുന്നു.

ശ്രീ. പി. കെ. ഫിറോസ്: സർ, കാടിനെ ടൂറിസവുമായി കണക്ട് ചെയ്ത് വളരെ നല്ല രീതിയിൽ മുമ്പോട്ട് കൊണ്ടുപോകുന്ന കാഴ്ച നമുക്ക് കാണാൻ സാധിക്കും. നമ്മുടെ സംസ്ഥാനത്ത് വനത്തിനകത്ത് ഇക്കോ-ടൂറിസമെന്ന പേരിൽ ചില സംവിധാനങ്ങളുണ്ടെങ്കിലും ഫലപ്രദമായ രീതിയിൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന രീതിയിലേക്ക് മാറ്റിയെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. അതുകൊണ്ട് പരിസ്ഥിതിക്ക് ദോഷം വരാത്ത രീതിയിൽ വനത്തെ ഫലപ്രദമായും ടൂറിസവുമായി കണക്ട് ചെയത് ഇക്കോ-ടൂറിസം പദ്ധതി വിപുലീകരിക്കാൻ സർക്കാരിന്റെ ആലോചനയിലുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, തീർച്ചയായും. ലോകത്ത് എല്ലാ രാജ്യങ്ങളും അവരുടെ ബയോഡൈവേഴ്സിറ്റി പുറം ലോകത്തേക്ക് എത്തിക്കുന്ന പ്രക്രിയയാണുള്ളത്. നിർഭാഗ്യവശാൽ നമ്മൾ പലപ്പോഴും വളരെ

കൺസർവേറ്റീവായി ഇതനുവദിക്കാതെ വരുന്നു. പക്ഷേ, മറ്റൊരു കണക്ക് കഴിഞ്ഞ ദിവസം പരിശോധിച്ചപ്പോൾ കഴിഞ്ഞ വർഷം 90 ലക്ഷം പേരാണ് കേരളത്തിന്റെ വനാതിർത്തി പ്രദേശങ്ങൾ സന്ദർശിച്ചത്. അങ്ങനെയൊരു വലിയ നമ്പർ അവിടെ ഉണ്ടെങ്കിലും ഇത് നമുക്കൊരു റെസ്പോൺസിബിൾ ടൂറിസമായി മാറ്റേണ്ടതുണ്ട്. അതിനുവേണ്ടി വളരെ റെസ്പോൺസിബിളായി ഞാനും ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയുമായി ഒരു തീരുമാനമെടുത്തു. കഴിഞ്ഞയാഴ്ച ഗവി സന്ദർശിച്ചപ്പോൾ അവിടെ ഏറ്റവും വലിയ ശല്യമായി നിൽക്കുന്നത് പ്ലാസ്റ്റിക്കാണ്. കെ.എസ്.ആർ.ടി.സി. അവിടേക്ക് ബസ്സ് സർവീസ് നടത്തുന്നുണ്ട്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് കെ.എസ്.ആർ.ടി.സി.-യിലടക്കം പ്ലാസ്റ്റിക് അനുവദിക്കരുതെന്ന് പറഞ്ഞു. ആ പ്രദേശത്ത് പ്ലാസ്റ്റിക് അനുവദിക്കില്ലെന്ന് ഇന്നലെത്തന്നെ അദ്ദേഹം ഉത്തരവിട്ടു. റെസ്പോൺസിബിൾ ടൂറിസവും അതിനോടൊപ്പമുള്ള ഓപ്പണിങ്-അപ്പും ഓരോ സ്ഥലത്തെയും ക്യാരീയിങ് കപ്പാസിറ്റി അനുസരിച്ചുള്ള ഒരു സംവിധാനമേർപ്പെടുത്തിക്കൊണ്ട്.... ക്യാരീയിങ് കപ്പാസിറ്റി പഠിക്കുമ്പോൾ അവിടെ എത്ര പാർക്കിങ്ങുണ്ട്, എത്ര ടോയിലറ്റുണ്ട് അതിനുള്ള സൗകര്യമെത്രയുണ്ട് ഇതെല്ലാംകൂടി നോക്കിക്കൊണ്ട് ഓൾറെഡി

കേരളത്തിന്റെ ഇതിന്റെ ഭാഗമായിട്ടുള്ള അസറ്റ്സിന്റെ ലിസ്റ്റ് എടുത്തിട്ടുണ്ട്. വളരെ റെസ്പോൺസിബിളായിട്ട് എന്നാൽ ആധുനികമായുള്ള നിലയിലേക്ക് പോണ്ട്സ് അടക്കം ടെൺടിങ് അടക്കമുള്ള സംവിധാനത്തോടുകൂടി റെസ്പോൺസിബിൾ ടൂറിസം പ്രോത്സാഹിപ്പിക്കുക എന്നതന്നെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: സർ, കോന്നി ആനക്കൂട്ടിൽ ഇപ്പോൾ മൂന്ന് ആനകൾ മാത്രമാണുള്ളത്. അവിടെ കഴിഞ്ഞ ദിവസം കൃഷ്ണ എന്ന് പേരുള്ള ആനയെ കുങ്കി പരിശീലനത്തിനുവേണ്ടി കൊണ്ടുപോയി. കോന്നി കാടുകളിൽനിന്ന് പിടിക്കുന്ന ആനകളൊക്കെ ശക്തന്മാരായ ആനകളായതിനാൽ..... കുങ്കി പരിശീലനത്തിനായി മുമ്പ് കോന്നി സുരേന്ദ്രനെന്ന ആനയെയാണ് കൊണ്ടുപോയത്. ആ ആനക്കൂട്ടിലേക്ക് കൂടുതൽ ആനകളെ എത്തിക്കുന്നതിനും അല്ലെങ്കിൽ ഒരു കുങ്കി ആന പരിശീലനകേന്ദ്രം കോന്നിയിൽ അനുവദിക്കുന്നതിനും അങ്ങ് ഇടപെടുമോ?

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, അദ്ദേഹം പറഞ്ഞത് ഗവൺമെന്റിന്റെ പരിഗണനയിലുള്ളതാണ്. കേരളത്തിൽ ഏക കുങ്കി ആന സ്ക്വാഡ് മുത്തങ്ങയിൽ മാത്രമാണുള്ളത്. ഇതിന്റെ ഭാഗമായി

നാല്പത്തിരണ്ടോളം ആനകളാണ് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ ക്യാപ്റ്റീവായുള്ളത്. കുറഞ്ഞത് നാല് കുങ്കി സ്ക്വാഡുകൾ ആരംഭിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. കാരണം, വനാതിർത്തിയിൽ വന്യമൃഗശല്യമുള്ള മേഖലയിൽ കുങ്കി സ്ക്വാർഡിന്റെ പട്രോളിങ് നടത്തിയാൽപോലും അത് മറ്റ് ആനകൾക്ക് deterrent ആയി മാറും. ആ നിലയിലേക്ക് നാല് കുങ്കി സ്ക്വാഡുകൾ ആരംഭിക്കാൻ ഗവൺമെന്റിന് പദ്ധതിയുണ്ട്. അതിന്റെ നടപടി ക്രമങ്ങളുമായി മുന്നോട്ടുപോകുകയാണ്.

<u>ശ്രീ. ആര്യാടൻ ഷൗക്കത്ത്</u>: സർ, 1970 മുതൽ കൈവശംവച്ച് വരുന്നതും നികുതി അടയ്ക്കുന്നതും പട്ടയമുള്ളതുമായ സ്ഥലത്ത് രണ്ടുമൂന്ന് പ്രാവശ്യം റബ്ബർ പ്ലാന്റേഷൻ നടത്തി. എന്റെ നിയോജകമണ്ഡലത്തിലെ നിലമ്പൂർ-പോത്തുകൽ പ്രദേശത്ത് ഇപ്പോഴും മരംവെട്ടാനും റബ്ബർ ടാപ്പ് ചെയ്യാനും സമ്മതിക്കുന്നില്ല. ഇത് ഫോറസ്റ്റിന്റെ സ്ഥലമാണെന്ന് പറഞ്ഞ് ബുദ്ധിമുട്ടുണ്ടാക്കുകയാണ്. ഈ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അല്ലെങ്കിൽ അടിയന്തരമായി ഈ കാര്യത്തിൽ ഒരു പ്രത്യേക ഇടപെടലുണ്ടാകുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, നേരത്തെ ഒരു ചോദ്യത്തിന് മറുപടി പറഞ്ഞതാണ്. പ്രത്യേകമായൊരു ഇൻസിഡന്റ് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ പാട്ടകരാറുള്ള ഭൂമിയിൽനിന്നുപോലും റബ്ബർ മുറിക്കാൻ സീഞ്ഞിയറേജ് നൂറു ശതമാനം ഒഴിവാക്കിക്കൊടുത്ത ഒരു വിചിത്രമായ സാഹചര്യവും സ്വകാര്യ വ്യക്തികൾക്ക് തടസ്സം നിൽക്കുന്ന എന്താണെന്നുള്ളത് പരിശോധിക്കാവുന്നതാണ്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ ഭൂമിയിൽനിന്നും റബ്ബർ മുറിക്കാമെങ്കിൽ സ്വകാര്യവ്യക്തികൾക്കും മുറിക്കാം. അത് പരിശോധിച്ച് വേണ്ടത് ചെയ്യാം.

മി. സ്പീക്കർ: ഉപചോദ്യത്തിന് ധാരാളം റിക്വസ്റ്റുണ്ട്. ഇപ്പോൾ തന്നെ 22 മിനിട്ടാണ് ഒരു ചോദ്യത്തിനെടുത്തത്. ഇനി അടുത്ത ചോദ്യത്തിലേക്ക് പാസ് ഓൺ ചെയ്യാതിരിക്കാൻ നിവൃത്തിയില്ല.

കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി

2 (*212) ശ്രീ. വി. കുഞ്ഞികൃഷ്ണൻ:
ശ്രീ. വിഷ്ണു മോഹൻ:

ശ്രീ. ഉല്ലാസ് കോവൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) കുടിവെള്ള പദ്ധതികൾ അനിശ്ചിതമായി നീട്ടികൊണ്ടുപോകുന്നതുമൂലം നിർമ്മാണ ചെലവ് വലിയ തോതിൽ വർധിക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) കുടിവെള്ള പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനായി റോഡുകൾ വെട്ടിപ്പൊളിക്കുന്നതും പണി പൂർത്തിയായശേഷം റോഡുകൾ യഥാസമയം ടാർ ചെയ്ത് പുനഃസ്ഥാപിക്കാത്തതുംമൂലം ജനങ്ങൾ അനുഭവിക്കുന്ന ദുരിതം പരിഹരിക്കാൻ ജലവിഭവ വകുപ്പും പൊതുമരാമത്ത് വകുപ്പും (പി.ഡബ്ല്യു.ഡി) തമ്മിൽ സംയുക്തമായ ഏകോപന സംവിധാനം ഉണ്ടാക്കുമോ; വ്യക്തമാക്കുമോ?

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): സർ, (എ) സംസ്ഥാനത്തെ കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട് ഇപ്പോൾ പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടാണ് ആദ്യത്തെ ചോദ്യം ഉന്നയിച്ചിട്ടുള്ളത്. ജൽ ജീവൻ മിഷൻ (JJM), സംസ്ഥാന പദ്ധതി, അമൃത്, കിഫ്ബി, റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI), ഡെപ്പോസിറ്റ് പ്രവൃത്തികൾ തുടങ്ങിയ പദ്ധതികളിലൂടെ കേരള വാട്ടർ അതോറിറ്റി കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

പദ്ധതികൾ സമയബന്ധിതമായി പൂർത്തികരിക്കുവാനും സാങ്കേതികമായ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് നടപ്പാക്കുവാനും കാര്യക്ഷമമായ പ്രവർത്തനങ്ങളാണ് വാട്ടർ അതോറിറ്റി നടത്തുന്നതെങ്കിലും നിരവധി പ്രതിസന്ധികളും പ്രയാസങ്ങളും ഈ രംഗത്ത് നിലനിൽക്കുകയാണ്. ഇതെല്ലാം പരിഹരിച്ച് മുന്നോട്ടുപോകാനുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തുന്നത്. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്ന വിധത്തിൽ ഭരണാനുമതി നൽകുകയും തുടർന്ന് സാങ്കേതികാനുമതിയും റോഡ് കട്ടിങ് അനുമതിയുൾപ്പെടെ വിവിധ

വകുപ്പുകളുടെ അനുമതിയും യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. അനുമതികൾ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന തടസ്സങ്ങൾ ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷൻ (DWSM), ജില്ലാ ഇൻഫ്രാസ്ട്രക്ചർ കോ-ഓർഡിനേഷൻ കമ്മിറ്റി (DICC) തുടങ്ങിയവ മീറ്റിങ്ങുകളിലൂടെ പരിഹരിച്ചുവരുന്നു. പദ്ധതികൾക്കാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്ന സാഹചര്യങ്ങളിൽ എം.എൽ.എ. തലത്തിലും ജില്ലാ കളക്ടർ തലത്തിലും ബന്ധപ്പെട്ടവരുടെ യോഗം ചേർന്ന് പ്രശ്നപരിഹാരം നടത്തിവരുന്നു. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതും അവയുടെ പുരോഗതി വിലയിരുത്തുന്നതും ലക്ഷ്യമിട്ട് ബന്ധപ്പെട്ട എം.എൽ.എ.-മാരുടെ അധ്യക്ഷതയിൽ ജനപ്രതിനിധികളേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ചുകൊണ്ട് യോഗങ്ങൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ, കൃത്യമായ ഇടവേളകളിൽ വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ നടത്തുകയും പ്രസ്തുത യോഗങ്ങളിൽ കൈക്കൊള്ളുന്ന തീരുമാനങ്ങളും നിർദേശങ്ങളും

പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ള കരാറുകാരെ അറിയിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ബി) കുടിവെള്ള പദ്ധതികൾ അനിശ്ചിതമായി നീണ്ടുപോകുന്നതുമായി ബന്ധപ്പെട്ട് ജൽ ജീവൻ മിഷനിൽ 2024 മുതലുള്ള 450-ഓളം പദ്ധതികൾ അനിശ്ചിതാവസ്ഥയിലാണ്. കഴിഞ്ഞ സർക്കാരിന്റെ ഭരണസമയത്ത് ഇതുമായി ബന്ധപ്പെട്ട പദ്ധതി പൂർത്തീകരണം സമയബന്ധിതമായി നടത്താൻ കഴിയാതെ വന്നതിനാൽ കേന്ദ്ര ഗവൺമെന്റ് ഈ 450 പദ്ധതികൾ നിർത്തിവയ്ക്കാനുള്ള നിർദ്ദേശം നൽകുകയും അതിപ്പോൾ പ്രതിസന്ധിയിലാകുകയും ചെയ്തിട്ടുണ്ട്. അത് പുനരാരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ പുതിയ സർക്കാർ നടത്തിയിരിക്കുകയാണ്. കുടിവെള്ള പദ്ധതികൾ അനിശ്ചിതമായി നീണ്ടുപോകുന്നതുമൂലം നിർമ്മാണച്ചെലവിൽ വർധനവുണ്ടാകുന്നത് തടയുന്നതിനായി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കരാർ വ്യവസ്ഥകൾ പ്രകാരം സമയദീർഘീകരണം അനുവദിക്കുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ച് പ്രവൃത്തികൾ വൈകുന്നതിനുള്ള കാരണങ്ങൾ

വിലയിരുത്തുന്നു. കരാറുകാരുടെ ഭാഗത്തുനിന്നുള്ള വീഴ്ചകൾമൂലമാണ് കാലതാമസം ഉണ്ടായിട്ടുള്ളതെന്ന് ബോധ്യപ്പെടുന്ന പക്ഷം, കരാർ വ്യവസ്ഥകൾക്ക് വിധേയമായി പിഴ ചുമത്തുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നു. പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുന്ന സാഹചര്യങ്ങളിലും കരാർ വ്യവസ്ഥകൾക്കനുസൃതമായി കരാറുകാരന് അനുവദനീയമായ തുക മാത്രമാണ് നൽകിവരുന്നത്. ഒരു പ്രവൃത്തിക്ക് ടെൻഡർ നടപടികൾ പൂർത്തിയാക്കി കരാർ ഒപ്പുവച്ചുകഴിഞ്ഞാൽ കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കുകൾ (Quoted Rates) അകാരണമായി വർധിപ്പിച്ചുനൽകുന്നതിന് വ്യവസ്ഥയില്ല. വിവിധ തടസ്സങ്ങളോ പ്രവൃത്തിയുടെ പരിധിയിലോ രൂപകൽപനയിലോ വരുന്ന മാറ്റങ്ങളോ കാരണം പുതുക്കിയ എസ്റ്റിമേറ്റ് (Revised Estimate) സമർപ്പിക്കേണ്ടിവന്നാലും നിലവിലുള്ള ഇനങ്ങൾക്ക് കരാറുകാരൻ ക്വാട്ട് ചെയ്ത കരാർ നിരക്കുകൾ തന്നെയാണ് ബാധകമാകുന്നത്. വിലക്കയറ്റത്തിന്റെ പേരിൽ മാത്രം കരാർ നിരക്കുകൾ വർധിപ്പിച്ചുനൽകുന്നില്ല.

(സി) കുടിവെള്ള പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി റോഡ് വെട്ടിപ്പൊളിക്കുന്ന വിഷയവും പറയുന്നുണ്ട്. ഇക്കാര്യത്തിൽ ഒരു പരിഹാരമുണ്ടാക്കുന്നതിനാവശ്യമായ നടപടികൾ ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. റോഡുകൾ വെട്ടിപ്പൊളിക്കുന്നത് റീസ്റ്റോർ ചെയ്യുന്നതിനുവേണ്ടിയുള്ള ക്രമീകരണങ്ങൾ ഡിപ്പാർട്ടുമെന്റ് തലത്തിൽ നടത്തിവരികയും ചെയ്യുകയാണ്. കുടിവെള്ള പദ്ധതികൾക്കായി റോഡുകൾ വെട്ടിപ്പൊളിക്കുന്നതുമൂലവും റോഡ് പുനഃസ്ഥാപന പ്രവൃത്തികൾ വൈകുന്നതുമൂലവും പൊതുജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരമാവധി കുറയ്ക്കുന്നതിനായി ജലവിഭവ വകുപ്പ്, പൊതുമരാമത്ത്-തദ്ദേശസ്വയംഭരണ വകുപ്പുകളുമായി ഏകോപനം നടത്തിവരുന്നു. ഇതിന്റെ ഭാഗമായി ജില്ലാ കളക്ടറുടെ അധ്യക്ഷതയിലും ജനപ്രതിനിധികളുടെ മേൽനോട്ടത്തിലും പ്രസ്തുത വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഏകോപന യോഗങ്ങൾ സംഘടിപ്പിച്ചും ജില്ലാ ഇൻഫ്രാസ്ട്രക്ചർ കോ-ഓർഡിനേഷൻ കമ്മിറ്റി (DICC), ജില്ലാ വികസന സമിതി (DDC) തുടങ്ങിയവ മുഖേനയും ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുന്നുണ്ട്. നിയോജകമണ്ഡല തലത്തിൽ അതത് എം.എൽ.എ.-

മാരുടെ അധ്യക്ഷതയിൽ അവലോകന യോഗങ്ങൾ ചേർന്ന് ഇത്തരം വിഷയങ്ങൾ പരിശോധിച്ച് പരിഹാരം കണ്ടെത്തിവരുന്നു.

ശ്രീ. വി. കുഞ്ഞികൃഷ്ണൻ: സർ, കേരളത്തിൽ മഴക്കാലത്തുപോലും കൃത്യമായി ശുദ്ധമായ കുടിവെള്ളം ലഭിക്കാത്ത പ്രദേശങ്ങൾ ഒട്ടനവധിയാണ്. അതോടൊപ്പം, കടുത്ത വരൾച്ച നേരിടുന്ന വേനൽകാലത്ത് മലയോര മേഖലയിലും വലിയ തോതിലുള്ള കുടിവെള്ള ക്ഷാമം അനുഭവപ്പെടുകയാണ്. നിരവധി വർഷക്കാലമായി ഒട്ടേറെ പദ്ധതികൾ നാം നടപ്പാക്കിയിട്ടുണ്ടെങ്കിലും പൂർണ്ണമായി ഈ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നമുക്ക് സാധിക്കുന്നില്ല. തടയണകൾ നിർമ്മിക്കുന്നത്, പൈപ്പ് ലൈൻ സ്ഥാപിക്കുന്നത് എന്നിവയുമായി ബന്ധപ്പെട്ട് ധാരാളം വിഷയങ്ങളുണ്ട്. നിലവിലുള്ള ടാങ്കുകളിൽ വെള്ളം ആവശ്യത്തിന് ലഭിക്കാത്ത വിഷയങ്ങളുമുണ്ട്. അതുകൊണ്ട് ഇതെല്ലാം വിശദമായ സർവെ നടത്തി പരിഹരിക്കാനുള്ള നടപടി ഡിപ്പാർട്ട്മെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുമോ?

മി. സ്പീക്കർ: അംഗങ്ങൾ ചോദ്യം വേഗത്തിൽ ചോദിക്കുകയും ഉത്തരം വേഗത്തിൽ പറയുകയും വേണം. 9.55-ന് അടിയന്തര ചോദ്യത്തിലേയ്ക്ക് മാറും.

ശ്രീ. മോൻസ് ജോസഫ്: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ശരിയായ കാര്യമാണ്. കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട കാര്യങ്ങൾ വളരെ ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകാൻ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഈ കാര്യത്തിൽ വളരെ വലിയ വീഴ്ചകളുണ്ടായെന്നുള്ളത് വസ്തുതയാണ്. അത് പരിഹരിച്ച് മുന്നോട്ടുപോകുന്നതിനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. ജൽജീവൻ മിഷൻ പദ്ധതി ഗവൺമെന്റിന്റെ പ്രയോറിറ്റി പദ്ധതിയായി ലഭിച്ചെങ്കിലും ഏറ്റവും കൂടുതൽ പ്രതിസന്ധിയിലേക്ക് പോയത് ഈ പദ്ധതിയാണ്. അതെല്ലാം പരിഹരിക്കുന്നതിനുവേണ്ടിയുള്ള തീവ്രമായ ശ്രമം തീർച്ചയായും സർക്കാർ നടത്തുന്നതാണ്.

ശ്രീ. വിഷ്ണു മോഹൻ: സർ, കൊല്ലം ജില്ലയിലെ സമീപ ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളം എത്തിക്കുന്നതിന് നടപ്പിലാക്കിയ

പദ്ധതിയാണ് കൊല്ലം ഞാങ്കടവ് പദ്ധതി. 2017-ൽ 25 കോടി രൂപയ്ക്ക് പൂർത്തിയാക്കേണ്ട പദ്ധതിയാണ് 2026-ൽ 90-ഉം 100-ഉം കോടി രൂപയിലേക്ക് പോകുന്നത്. ആ പദ്ധതി പൂർത്തീകരണത്തിലേക്ക് പോകുന്നതിന് വാട്ടർ അതോറിറ്റിക്കും ഇറിഗേഷനും പ്രത്യേകമായൊരു സംവിധാനം ഏർപ്പെടുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; പൂർത്തിയാക്കിയ കല്ലട ഇറിഗേഷൻ പദ്ധതിയുമായി ബന്ധപ്പെടുത്തിയ കനാലുകളെല്ലാം പൊളിഞ്ഞ് പോകുകയും ആ കനാലുകളിലൂടെ ജലനിർഗമന സംവിധാനത്തിന് തടസ്സമുണ്ടാകുകയും ചെയ്യുന്നുണ്ട്. അതിനെ പരിപാലിക്കുന്നതിനുള്ള തുകയുടെ അപര്യാപ്തതയും വകുപ്പുകൾ പറയുന്നുണ്ട്. ഈ രണ്ട് വിവരങ്ങളും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി പ്രവർത്തനം നടത്തുമോ?

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, കൊല്ലവുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട കുടിവെള്ള പദ്ധതികൾ പരിശോധിച്ചപ്പോൾ പ്രതിസന്ധി നേരിടുന്ന സാഹചര്യമുണ്ടെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. അത് പരിഹരിക്കുന്നതിനുവേണ്ടിയുള്ള ഇടപെടൽ നടത്തിയിട്ടുണ്ട്. ഏറ്റവും

പ്രധാനപ്പെട്ട മുടങ്ങിക്കിടക്കുന്ന സ്കീമുകൾ, മുന്നോട്ടുപോകാൻ കഴിയാത്ത സ്കീമുകൾ റിവൃ ചെയ്ത് പുനരാരംഭിക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കനാലുകളുടെ നവീകരണവുമായി ബന്ധപ്പെട്ട വിഷയം അടുത്ത ചോദ്യത്തിൽ വരുന്നുണ്ട്. എങ്കിലും അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ, കനാലുകൾ സമയബന്ധിതമായി നവീകരിക്കാൻ കഴിയാത്ത പ്രശ്നം വളരെ ഗൗരവമായിതന്നെ ഗവൺമെന്റ് കാണുകയാണ്. അത് പരിഹരിക്കുന്നതിനുവേണ്ടിയുള്ള പ്രോജക്ടുകൾക്ക് രൂപം കൊടുക്കുകയാണ്.

<u>ശ്രീ. ഉല്ലാസ് കോവൂർ:</u> സർ, വെള്ളം, വെള്ളം, വെള്ളം, സർവത്രവെള്ളം, കുടിക്കാൻ ഇത്തിരി വെള്ളം പോലുമില്ലാത്ത അവസ്ഥയാണ്. എന്റെ നിയോജകമണ്ഡലത്തിലെ മൺറോ തുരുത്തിൽ കിടപ്പറം വടക്കുപ്രദേശത്ത് കഴിഞ്ഞ 28 ദിവസങ്ങളായി കുടിവെള്ളം ലഭിക്കുന്നില്ല. അവിടെയുള്ള മോട്ടോർ കേടായതാണ് പ്രശ്നം. അതിപ്പോൾ മാറ്റിവച്ചിട്ടുണ്ട്. ഒരു പ്രദേശത്ത് 28 ദിവസമാണ് കുടിവെള്ളം കിട്ടാഖനിയായത്. ഇത്തരം വെള്ളത്താൽ ചുറ്റപ്പെട്ട ദ്വീപസമൂഹങ്ങളിലും

തുരുത്തുകളിലും കുടിവെള്ളം എത്തിക്കുന്നതിനായി വാട്ടർ അതോറിറ്റിയും ജൽ ജീവൻ മിഷനും വഴി പ്രത്യേകമായ എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ?

ശ്രീ. മോൻസ് ജോസഫ്: സർ, പദ്ധതികൾ ഫലപ്രദമായി നിർവഹിക്കാൻ കഴിയുന്നില്ലായെന്നതാണ് അദ്ദേഹം ചൂണ്ടിക്കാണിച്ച പ്രശ്നങ്ങൾ. 28 ദിവസം വെള്ളം ലഭിക്കാത്ത വിഷയം ഇവിടെ പറഞ്ഞു. ഇവിടെ മാസങ്ങൾ കഴിഞ്ഞാലും പരിഹാരമുണ്ടാകാത്ത അവസ്ഥയാണ് പലപ്പോഴും ഈ കാര്യത്തിൽ കണ്ടുകൊണ്ടിരിക്കുന്നത്. ഈ രംഗത്ത് കൃത്യമായ അനാസ്ഥ നിലനിൽക്കുന്നുവെന്നത് വസ്തുതയാണ്. പൈപ്പ് പൊട്ടിയാൽ അല്ലെങ്കിൽ വെള്ളം ലഭിക്കാതെ വന്നാൽ ഒന്നോ രണ്ടോ ദിവസങ്ങൾക്കുള്ളിൽ പുനഃസ്ഥാപിക്കുന്ന രീതിയിലേക്ക് വരാൻ വാട്ടർ അതോറിറ്റിക്ക് കഴിയുന്നില്ല. അത് മാസങ്ങളോളം ദുരവസ്ഥയിൽ നിൽക്കുകയാണ്. പഴക്കം ചെന്ന ചില രോഗങ്ങൾ പോലെ ഇത് പടർന്നുപിടിച്ച് നിൽക്കുകയാണ്. ഉത്തരവാദിത്വരഹിതമായ പ്രവർത്തനങ്ങൾ പലഭാഗത്തുനിന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൺറോ

തുരുത്തുമായി ബന്ധപ്പെട്ട വിഷയം പ്രത്യേകം പരിശോധിക്കാം. നിരുത്തരവാദപരമായ പെരുമാറ്റങ്ങളിലൂടെ കൂടിവെള്ളം സമയബന്ധിതമായി നൽകാൻ കഴിയാതെ ഉത്തരവാദിത്വരഹിതമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരും അതോടൊപ്പം ആ രീതിയിൽ സമീപനമെടുക്കുന്ന ചില അനക്കമില്ലാതെ ഉറങ്ങിക്കിടക്കുന്ന കുറെ ആളുകളും ഈ രംഗത്തുണ്ടെന്നുള്ളത് വാസ്തവമാണ്. അത് പൊളിച്ചെഴുതാൻ കഴിയുന്ന വിധത്തിലുള്ള ശക്തമായ ഇടപെടൽ ഈ രംഗത്തുണ്ടാകും. ഗുരുതരമായ അനാസ്ഥ കാണിക്കുന്ന ആളുകളുടെ കാര്യത്തിൽ സംസ്ഥാനമൊട്ടാകെ റിവ്യൂ ചെയ്യാൻ പറഞ്ഞിട്ടുണ്ട്. ഒരാഴ്ചവരെ നമുക്ക് നോക്കാം. എന്നിട്ടും പരിഹരിക്കാത്ത സാഹചര്യം അംഗീകരിക്കാൻ കഴിയുന്ന കാര്യമല്ല. അങ്ങ് ചൂണ്ടിക്കാണിച്ചത് ഗൗരവമേറിയ വിഷയമാണ്. ഇത് ഒരു സ്ഥലത്ത് മാത്രമല്ല, പല സ്ഥലങ്ങളിലും ഇത്തരത്തിൽ അനാസ്ഥ കാണിക്കുന്നുണ്ട്. ഇതിന് സംരക്ഷണം കൊടുക്കാൻ യൂണിയനുകളും പല ആളുകളും താൽപര്യമെടുക്കുന്നുണ്ട്. ബഹുമാനപ്പെട്ട സ്പീക്കറുടെ അനുമതിയോടെ ഞാൻ പറയുന്നു യൂണിയനുകളുടെ സഹകരണമുണ്ടാകണം, പൊളിറ്റിക്കൽ

പാർട്ടികളുടെ സഹകരണമുണ്ടാകണം, നിയമസഭയുടെ കൂട്ടായ സഹകരണമുണ്ടാകണം, നമുക്ക് ഒരു പൊളിച്ചെഴുത്ത് ആവശ്യമാണ്. വാട്ടർ അതോറിറ്റിയുടെ കാര്യത്തിലും കുടിവെള്ള വിതരണ കാര്യത്തിലും അനാസ്ഥ കാണിക്കുന്ന എല്ലാ ഉദ്യോഗസ്ഥ സംവിധാനത്തിനുമെതിരെ ശക്തമായ ഇടപെടൽ നടത്തി കുറ്റമറ്റ നിലയിൽ കുടിവെള്ളം നൽകാനുള്ള ഇടപെടലിലേക്ക് ഗവൺമെന്റ് കടക്കുകയാണ്. അതിന് എല്ലാ സപ്പോർട്ടും നിയമസഭയുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർഥിക്കുകയാണ്.

മി. സ്പീക്കർ: നിയമസഭയുടെ പൊതുവികാരമാണെന്നുള്ളത് മനസ്സിലാക്കികൊണ്ട് അങ്ങ് പെരുമാറിയാൽ മതി.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ബേപ്പൂർ നിയോജകമണ്ഡലത്തിലെ കടലുണ്ടി ഗ്രാമപഞ്ചായത്തിലുള്ള ഉയർന്ന പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമവുമായി ബന്ധപ്പെട്ട പ്രശ്നം നേരത്തേ തന്നെ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടതാണ്. കഴിഞ്ഞ 5 വർഷവും പരമാവധി അത് പരിഹരിക്കാനുള്ള ഇടപെടലുകൾ ഉണ്ടായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പുതിയ പദ്ധതികൾ അവിടെ ആവിഷ്കരിക്കാനുള്ള എന്തെങ്കിലും നീക്കം

സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടോ? അതുപോലെതന്നെ പമ്പ് ഹൗസിന്റെ പമ്പിങ് സമയം വർധിപ്പിച്ചതുകൊണ്ടുമാത്രം ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാകുന്നതല്ല. അതിനാൽ അങ്ങ് അടിയന്തരമായി ഇതിൽ ഇടപെടണമെന്ന് അഭ്യർഥിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, അദ്ദേഹം ചൂണ്ടിക്കാണിച്ച വിഷയം പ്രത്യേകമായി പരിശോധിക്കുന്നതാണ്. അദ്ദേഹത്തിന്റെ കൂടി സാന്നിധ്യത്തിൽ ആ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേകമായ യോഗം വിളിച്ചുചേർത്ത് അടിയന്തരമായ പരിഹാര നടപടികൾക്കുവേണ്ടിയുള്ള കാര്യമായ ഇടപെടൽ ഉണ്ടാകുമെന്ന് അറിയിക്കുന്നു.

ശ്രീ. വി. മുരളീധരൻ: സർ, കേരളത്തിലെ തന്നെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഉന്നതവിദ്യാഭ്യാസ, വ്യാവസായിക മേഖലയാണ് കഴക്കൂട്ടം. 85000-ത്തോളം പേർ ജോലി ചെയ്യുന്ന ടെക്നോപാർക്ക് സ്ഥിതിചെയ്യുന്ന പ്രദേശമാണ്. ഐ.ടി. വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം 'ടെക് കേരളം' എന്ന പേരിൽ ഒരു പുതിയ ബ്രാൻഡ് അവതരിപ്പിച്ചുകൊണ്ട് കേരളത്തിന്റെ ഐ.ടി. വ്യവസായത്തെ ശക്തിപ്പെടുത്താൻ വേണ്ടിയിട്ടുള്ള ശ്രമങ്ങൾ തുടങ്ങിയിട്ടുണ്ട്.

പുതിയ വ്യവസായങ്ങൾ വരുന്നതിന് പ്രധാന പ്രശ്നമെന്തെന്നാൽ, പ്രദേശത്തിലെ വെള്ളത്തിന്റെ ലഭ്യത, ആവശ്യമുള്ള വെള്ളത്തിന്റെ ഏകദേശം 40-45 % മാത്രമേ കിട്ടുന്നുള്ളൂ. കഴിഞ്ഞ സഭാ സമ്മേളനത്തിൽ ഞാൻ ബഹുമാന്യനായ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ആകർഷിക്കുകയും കാര്യങ്ങൾ ഇപ്രകാരമാണെന്നുള്ളതെല്ലാം മന്ത്രി സമ്മതിക്കുകയും ചെയ്തതാണ്. പക്ഷെ, അരുവിക്കരയിൽ പ്ലാൻ ചെയ്തിട്ടുള്ള 100 എം.എൽ.ഡി ശേഷിയുള്ള ശുദ്ധീകരണശാല, അരുവിക്കര മുതൽ പേരൂർക്കട വരെയുള്ള പൈപ്പ് ലൈൻ, പേപ്പാറ ഡാമിന്റെ സംഭരണശേഷി കൂട്ടൽ, കഴക്കൂട്ടം പ്രദേശത്തെ ഡ്രെയിനേജ് പദ്ധതി മുട്ടത്തറ സീവേജ് പദ്ധതിയുമായി ബന്ധപ്പെടുത്തൽ തുടങ്ങിയ നടപടികളൊക്കെ ഒച്ച് ഇഴയുന്ന വേഗത്തിലാണ് നീങ്ങുന്നത്. എനിക്ക് ബഹുമാന്യനായ മന്ത്രിയോട് അഭ്യർഥിക്കാനുള്ളത്, ഈ വിഷയങ്ങളെക്കുറിച്ച് വിശദമായി ചർച്ച ചെയ്ത് സമയബന്ധിതമായി പരിഹാരം കണ്ടെത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ യോഗം വിളിച്ചുകൂട്ടാൻ ബഹുമാന്യനായ വകുപ്പുമന്ത്രി മുൻകൈ എടുക്കുമോ?

ശ്രീ. മോൻസ് ജോസഫ്: സർ, അരുവിക്കരയിൽനിന്നും വെള്ളം പമ്പ് ചെയ്ത് തിരുവനന്തപുരം സിറ്റിയും സമീപപ്രദേശങ്ങളിലും വിതരണം ചെയ്യുന്ന നിലവിലെ സംവിധാനം ഇപ്പോൾ തന്നെ വലിയ പരാജയമായി മാറിയിരിക്കുകയാണ്. പമ്പ് ചെയ്യുന്ന വെള്ളത്തിന്റെ നേർപകുതി മാത്രമേ നിലവിൽ വിതരണം ചെയ്യുന്നുള്ളൂ; ബാക്കി പകുതി വെള്ളം എങ്ങോട്ടേക്ക് പോകുന്നതെന്ന് ആർക്കും മനസ്സിലാകുന്നില്ല. ഈ വിഷയം പരിശോധിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. നിലവിൽ ജലവിതരണം പൂർണ്ണമായും നടത്താനുള്ള വെള്ളം പമ്പ് ചെയ്യുന്നുണ്ടെങ്കിലും പകുതി ചോർന്നുപോകുന്ന സാഹചര്യത്തിൽ ജലവിതരണം കുറ്റമറ്റ നിലയിൽ നടത്താൻ വേണ്ടിയിട്ടുള്ള ക്രമീകരണങ്ങൾ വാട്ടർ അതോറിറ്റി പരിശോധിച്ചുവരികയാണ്. ഇത് പരിശോധിക്കുന്നതിനുവേണ്ടി ഒരു എക്സ്പെർട്ട് ടെക്നിക്കൽ വിങ്ങിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ തലസ്ഥാന നഗരിയുടെ കുടിവെള്ള പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കണ്ടെത്തുന്നതിന്, ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി ശ്രീ. സി. പി. ജോൺ, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. കെ. മുരളീധരൻ, തിരുവനന്തപുരം മേയർ

എന്നിവരുടെ നേതൃത്വത്തിലും ബഹുമാനപ്പെട്ട അംഗം ഉൾപ്പെടെയുള്ളവരുടെ ആവശ്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടും തിരുവനന്തപുരം സിറ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുവേണ്ടിയും ഒരു ഉന്നതതല യോഗം പ്രത്യേകമായി വിളിച്ചുചേർത്ത് നടപടി സ്വീകരിക്കുമെന്ന് പ്രത്യകം അറിയിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, 2019-ൽ ആരംഭിച്ച ജൽ ജീവൻ മിഷൻ പദ്ധതി ഇന്ത്യയിൽ 81 ശതമാനം പൂർത്തിയായപ്പോൾ കേരളത്തിൽ അത് 54 ശതമാനം മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. ഇതിന് കേന്ദ്രത്തിൽനിന്നും എത്ര തുക ലഭിച്ചിട്ടുണ്ട്; ഈ പദ്ധതിക്ക് നബാർഡ് മുഖേനയോ മറ്റോ കടം വാങ്ങിയിട്ടുണ്ടോ; തുക മുഴുവനായും ജൽ ജീവൻ മിഷൻ പദ്ധതിക്ക് മാത്രമാണോ ചെലവഴിച്ചത്? എന്റെ മണ്ഡലത്തിൽ 360 കോടി രൂപയുടെ പദ്ധതി ആരംഭിച്ചിട്ട് 7 വർഷം കഴിഞ്ഞിട്ടും ജനങ്ങൾ വെള്ളം കിട്ടാതെ വലഞ്ഞുകൊണ്ടിരിക്കുകയാണ്. വേണ്ടത്ര പണം കിട്ടുന്നില്ല എന്നാണ് കോൺട്രാക്ടർ പറയുന്നത്. ഈ പ്രശ്നം പരിശോധിച്ച് പരിഹരിക്കുമോ?

ശ്രീ. മോൻസ് ജോസഫ്: സർ, ഏറ്റവും പ്രധാനപ്പെട്ട പദ്ധതികളിലൊന്ന് ജൽ ജീവൻ മിഷനുമായി ബന്ധപ്പെട്ടുള്ള പദ്ധതിയാണ്. ഇക്കാര്യത്തിൽ കുടിശ്ശിക കൊടുത്തുതീർത്തുകൊണ്ട് ഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുവരെയുള്ള പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് 3,500 കോടി രൂപ കേന്ദ്ര ഗവൺമെന്റിൽ നിന്നും കിട്ടാനുണ്ട്. ഇതുവരെ കിട്ടിയിരിക്കുന്ന തുകയുടെ പെൻഡിങ് 7,000 കോടി രൂപ നബാർഡിൽ നിന്ന് ലോൺ കൂടി എടുത്തുകൊണ്ടാണ് ഈ പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നത്. കരാറുകാർക്ക് കുടിശ്ശിക കൊടുത്തു തീർക്കുന്ന കാര്യത്തിൽ പരമാവധി തുക കൊടുത്തുതീർത്തു. ഇനി 1,673 കോടി രൂപ ഇക്കാര്യത്തിൽ പെൻഡിങ് ബില്ലുണ്ട്. കേന്ദ്ര ഗവൺമെന്റ് 3,500 കോടി രൂപ കൂടി തരാനുള്ള സാഹചര്യത്തിൽ ആ തുക കൂടി കിട്ടുന്നതനുസരിച്ച് പരമാവധി കൊടുത്തു തീർക്കാൻ കഴിയുന്നതാണ്. ഏതായാലും ഇക്കാര്യത്തിൽ പരമാവധി തുക കൊടുത്തു തീർത്തിട്ടുണ്ട് എന്നത് കരാറുകാർക്ക് ഒരു ആശ്വാസമാണ്. 7000 കോടി രൂപ വായ്പ എടുത്താണ് കൊടുത്തിരിക്കുന്നത്. ഇപ്പോൾ

കുടിശ്ശിക കൊടുത്തുതീർത്ത് പ്രോപ്പർ ആക്കാനുള്ള ശ്രമങ്ങളാണ് നടത്തിയിരിക്കുന്നത്. ബാക്കി തുക കൂടി പരമാവധി വേഗത്തിൽ കൊടുത്തുതീർക്കാൻ കഴിയുന്നതാണ്.

ശ്രീ. ടി. ജെ. വിനോദ്: സർ, കൊച്ചി നഗരത്തിലെയും പ്രാന്തപ്രദേശങ്ങളിലെയും കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിനുവേണ്ടി 532 കോടി രൂപയുടെ എ.ഡി.ബി പദ്ധതിയിലൂടെ 190 എം.എൽ.ഡി പ്ലാന്റ് അനുവദിച്ചുതന്ന മുഖ്യമന്ത്രിയ്ക്കും ജലവിഭവ വകുപ്പുമന്ത്രിയ്ക്കുമുള്ള നന്ദി ഞാൻ ഈ സന്ദർഭത്തിൽ പ്രത്യേകം രേഖപ്പെടുത്തുന്നു. അതോടൊപ്പം അത് പെട്ടെന്നാക്കുന്നതിനുള്ള നടപടി കൂടി സ്വീകരിക്കണം. എന്റെ ചോദ്യം, ചേരാനല്ലൂർ പഞ്ചായത്തിലെ ചിറ്റൂർ ഭാഗത്ത് ഒരു ഗ്രൗണ്ട് ലെവൽ ഓവർഹെഡ് ടാങ്ക് പണിയുന്നതിന് 6 കോടി രൂപ നവകേരള മിഷനിൽ ഉൾപ്പെടുത്തിയിരുന്നു. പല സാങ്കേതിക കാരണങ്ങൾ പറഞ്ഞ് വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥന്മാർ മെല്ലെപ്പോക്ക് നയമാണ് ഇക്കാര്യത്തിൽ സ്വീകരിക്കുന്നത്. ആ പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി, നവകേരള സദസ്സിൽനിന്നും 6 കോടി

രൂപയും എന്റെ എം.എൽ.എ ഫണ്ടിൽനിന്നും 2 കോടി രൂപയും വിനിയോഗിച്ച് നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് അടിയന്തരമായി ഭരണാനുമതി (എ.എസ്.) നൽകാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. മോൻസ് ജോസഫ്: സർ, കൊച്ചിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പൊതുവെയും അദ്ദേഹം ചൂണ്ടിക്കാണിച്ച കാര്യങ്ങൾ പ്രത്യേകവും പരിശോധിക്കുന്നതിനുവേണ്ടി പ്രത്യേക യോഗം വിളിച്ചു കൂട്ടിയിരുന്നു. അതിൽ അദ്ദേഹം ചൂണ്ടിക്കാണിച്ച കാര്യങ്ങളടക്കം വാട്ടർ അതോറിറ്റിക്ക് കർശന നിർദ്ദേശം കൊടുത്തിട്ടുണ്ട്. അക്കാര്യങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയിട്ടുള്ള കാര്യക്ഷമമായ ശ്രമങ്ങൾ തീർച്ചയായും നടത്തുന്നതാണ്.

ശ്രീ. വി. ജോയി: സർ, തിരുവനന്തപുരം ജില്ലയിലെ 5 നിയമസഭാമണ്ഡലങ്ങളിലൂടെയാണ് വാമനപുരം നദിയിലെ വെള്ളം ഉപയോഗിക്കുന്നത്. ബഹുമാനപ്പെട്ട കഴക്കൂട്ടം എം.എൽ.എ സൂചിപ്പിച്ചതുപോലെ കഴക്കൂട്ടത്തിന്റെ ഒരു ഭാഗത്തേക്കും വാമനപുരം നദിയിൽ നിന്നാണ് വെള്ളം കൊടുക്കുന്നത്. അവിടെ ഒരു ഡാം

നിലവിലില്ല. അതിന്റെ ഏതെങ്കിലും പ്രൊപ്പോസൽ നമ്മുടെ മുന്നിൽ ഉണ്ടോ; അത് ചെയ്യുന്നതിനുവേണ്ടി ശ്രമിക്കുമോ?

ശ്രീ. മോൻസ് ജോസഫ്: സർ, അത് പ്രത്യേകമായി പരിശോധിക്കാം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഞാൻ ഇവിടെ നിന്നു നോക്കുമ്പോൾ രണ്ടു ഭാഗത്തുള്ള ആളുകൾ മുഴുവനും കൈ പൊക്കുകയാണ്. അതിന്റെ അർഥം വെള്ളത്തിനുവേണ്ടി അവരുടെ പ്രദേശത്തെ ജനങ്ങൾ ദാഹിക്കുന്നു എന്നുള്ളതാണ്. ജില്ലാതലത്തിൽ എം.എൽ.എ.- മാരുടെ യോഗം വിളിച്ചു ചേർത്ത്, ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ അവരുടെ കൂടി നിർദേശം കേട്ടുകൊണ്ട് മുന്നോട്ടു പോകുന്നതിനു വേണ്ടിയുള്ള തീരുമാനം അങ്ങ് announce ചെയ്താൽ നമുക്ക് അടുത്ത ചോദ്യത്തിലേക്ക് മാറാൻ കഴിയും.

ശ്രീ. മോൻസ് ജോസഫ്: സർ, ആദരണീയനായ സ്പീക്കർ പറഞ്ഞതുകൊണ്ട് കോട്ടയത്തു നിന്നുതന്നെ സ്റ്റാർട്ട് ചെയ്യാം.

മി. സ്പീക്കർ: ഞാൻ വ്യക്തിപരമായ താൽപര്യം വച്ച് പറഞ്ഞതല്ല. അങ്ങേയ്ക്ക് പുറകിൽ ഇരിക്കുന്ന ആളുകൾ കൈ ഉയർത്തുന്നത് അങ്ങേയ്ക്ക് കാണാൻ കഴിയില്ല. രണ്ട് സൈഡിലെയും ആളുകൾ കൈ പൊക്കുന്നു. ചില

ആളുകൾ രണ്ട് കൈയും പൊക്കുന്നുണ്ട്. ആ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് നടപടി എടുക്കണമെന്നു മാത്രമാണ് ഞാൻ പറഞ്ഞത്.

ശ്രീ. മോൻസ് ജോസഫ്: സർ, ഞങ്ങൾ രണ്ട് കൈയും വിട്ടുനിൽക്കുന്ന അവസ്ഥയിലാണ്. അങ്ങ് ചൂണ്ടിക്കാണിച്ചത് അംഗീകരിക്കുന്നു. നിയമസഭാ സമ്മേളനം പിരിഞ്ഞാൽ ഉടനെ 14 ജില്ലകളിലും എം.എൽ.എ-മാരുടെ സാന്നിധ്യത്തിൽ ജില്ലാതല റിവ്യൂ ചേരുന്നതാണ്. തദ്ദേശസ്ഥാപനങ്ങളെയും പ്രധാനപ്പെട്ട മുഴുവൻ ഉദ്യോഗസ്ഥരും പങ്കെടുപ്പിച്ചുകൊണ്ട് വളരെ ഫലപ്രദമായിട്ടുള്ള യോഗങ്ങൾ 14 ജില്ലകളിലും ചേരുന്നതാണ്. എം.എൽ.എ-മാരുടെ സാന്നിധ്യത്തിൽ യോഗം വിളിച്ചുകൂട്ടണം എന്നത് അംഗീകരിക്കുന്നു. നിവേദനങ്ങളുടെ നീണ്ട പട്ടികയുണ്ട്, അതിന്റെ അടിസ്ഥാനത്തിൽ എം.എൽ.എ-മാർ ചെയർമാന്മാരായി പൊതുമരാമത്ത് വകുപ്പിൽ നേരത്തേ നടപ്പിലാക്കിയതു പോലെ സി.എം.ഡി മീറ്റിങ് എല്ലാ മാസവും ചേരുന്നുണ്ട്. എല്ലാ മാസവും മുഴുവൻ പ്രധാനപ്പെട്ട ഉദ്യോഗസ്ഥരും പങ്കെടുത്തുകൊണ്ട് അസംബ്ലി മണ്ഡല അടിസ്ഥാനത്തിൽ കുടിവെള്ളവും ഇറിഗേഷനുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങൾ പരിശോധിക്കുന്നതിനുവേണ്ടി

എം.എൽ.എ-മാർ ചെയർമാൻമാരായുള്ള സ്റ്റാറ്റ്യൂട്ടറി ബോഡി നിലവിൽ വരുന്നതിന് സർക്കാർ ഉത്തരവിറക്കുന്നതാണ്. അത്തരത്തിലൊരു സമിതി രൂപീകരിക്കുവാനുള്ള തീരുമാനം ഗവൺമെന്റ് കൈക്കൊള്ളുകയാണ്. എല്ലാ മാസവും റിവ്യൂ ചെയ്യാം. ആ റിവ്യൂ റിപ്പോർട്ടുകൾ മന്ത്രിതല യോഗത്തിൽ പരിശോധിക്കും. അതിൽ ഇടപെടൽ നടത്തേണ്ടി വന്നാൽ രണ്ടോ മൂന്നോ മാസം കൂടുമ്പോൾ റിവ്യൂ മീറ്റിങ് സ്റ്റേറ്റ് ലെവൽ വിളിക്കുന്നതിനും തയ്യാറായിരിക്കും. എം.എൽ.എ-മാർ ചെയർമാൻമാരായുള്ള നിയോജകമണ്ഡല അടിസ്ഥാനത്തിൽ കൂടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കാനുള്ള സ്റ്റാറ്റ്യൂട്ടറി ബോഡി നിലവിൽ വരുന്നതായി സഭയെ അറിയിക്കുന്നു. അത് നവംബർ മാസം മുതൽ പ്രാവർത്തികമാക്കുന്നതാണ് എന്ന് അറിയിക്കുന്നു. ജില്ലാതലത്തിൽ കളക്ടർമാർ കൂടി പങ്കെടുത്തുകൊണ്ടുള്ള യോഗങ്ങളുണ്ട്. പക്ഷേ, അത് ഫലപ്രദമായി ചേരുന്നില്ല. ജില്ലാതലത്തിലുള്ള യോഗങ്ങളിൽ എം.എൽ.എ -മാരെ മുഴുവൻ പങ്കെടുപ്പിച്ചുകൊണ്ട് സമയബന്ധിതമായി റിവ്യൂ ചെയ്ത് മുന്നോട്ടുപോകുന്നതിനുള്ള നിർദേശം കളക്ടർമാർക്ക് കൊടുക്കുകയും അത്

ഫലപ്രദമായി നടപ്പാക്കുന്നതിനുവേണ്ടിയിട്ടുള്ള സാഹചര്യം ഉണ്ടാക്കുകയും ചെയ്യുന്നതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്ററുടെ സമ്മതത്തോടുകൂടി ഇതിന്റെ further questions ഇവിടെ അവസാനിപ്പിക്കാം. അതത് സ്ഥലങ്ങളിലെ എം.എൽ.എ-മാരെക്കൂടി ഉൾക്കൊണ്ടുകൊണ്ടും നിങ്ങളുടെ അഭിപ്രായം കേട്ടും on the spot decision എടുക്കുന്നതിനുവേണ്ടിയാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇവിടെ സംസാരിച്ചിട്ടുള്ളത്. അതുകൊണ്ട് പ്രശ്നം അവിടെത്തന്നെ പരിഹരിക്കുകയാണ്. അതിനുവേണ്ടിയുള്ള സന്നദ്ധതയാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പ്രകടിപ്പിച്ചിരിക്കുന്നത്. അതിന് ഞാൻ മന്ത്രിയെ അനുമോദിക്കുകയും ചെയ്യുകയാണ്. അതത് പ്രദേശത്തുള്ള ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയും.

ജലസേചന പദ്ധതികൾ

3 (*213) ശ്രീ. സുധീർഷാ പാലോട്:
ശ്രീ. ചാണ്ടി ഉമ്മൻ:
ശ്രീ. രാജൻ. ജെ. പല്ലൻ:
ശ്രീ. കെ. ബിനിമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന പദ്ധതികളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും സമയബന്ധിതമായി പൂർത്തിയാക്കി കൃഷിക്കാവശ്യമായ ജലം ലഭ്യമാക്കാനും അവയുടെ പ്രവർത്തനക്ഷമത വിലയിരുത്താനും പരിശോധനകൾ നടത്താറുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ജലസേചന പദ്ധതികളുടെ പരിപാലനത്തിൽ തദ്ദേശസ്ഥാപനങ്ങളുടെയും കർഷക കൂട്ടായ്മകളുടെയും പങ്കാളിത്തം ഉറപ്പാക്കാനും ജലം പാഴാകുന്നത് കുറച്ച് പരമാവധി കൃഷിഭൂമിയിൽ ജലസേചന സൗകര്യം ലഭ്യമാക്കാനും സമഗ്രമായ കർമ്മപദ്ധതി ആവിഷ്കരിക്കുമോ; വിശദമാക്കാമോ;

(സി) വരൾച്ച ഏറ്റവും കൂടുതൽ സാധാരണയായി അനുഭവപ്പെടുന്ന പ്രദേശങ്ങൾക്ക് ഇക്കാര്യത്തിൽ പ്രഥമ പരിഗണന നൽകി പ്രവൃത്തികൾ എത്രയുംവേഗം പൂർത്തിയാക്കാനാവശ്യമായ മാർഗനിർദേശങ്ങൾ നൽകുമോ; വ്യക്തമാക്കാമോ?

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): സർ,

(എ) ഇടത്തരം, ചെറുകിട ജലസേചന പദ്ധതികളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും സമയബന്ധിതമായി പൂർത്തിയാക്കി കൃഷിക്കാവശ്യമായ ജലം ലഭ്യമാക്കാനും പദ്ധതികളുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്താനും ആവശ്യമായ നടപടികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വാർഷിക പദ്ധതിയിലും പ്ലാൻ/നോൺപ്ലാൻ ശീർഷകങ്ങളിലും ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു. ജലസേചന പദ്ധതികളുടെ ആവശ്യകത ബോധ്യപ്പെടുന്നമുറയ്ക്ക് ഇൻവെസ്റ്റിഗേഷൻ നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പാക്കുകയും ചെയ്യുന്നു.

കൂടാതെ, ജലത്തിന്റെ കാര്യക്ഷമമായ വിനിയോഗവും കർഷകർക്കാവശ്യമായ ജലലഭ്യതയും ഉറപ്പുവരുത്താനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ജലസേചനത്തിന് മുന്നോടിയായി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കനാലുകളിലെ ചെളി, എക്കൽ, കാടുകൾ എന്നിവ നീക്കംചെയ്യുകയും ചോർച്ചകൾ പരിഹരിക്കുകയും ചെയ്യുന്നു. കൂടാതെ, മഴക്കാല മുന്നൊരുക്കത്തിന്റെ ഭാഗമായി തോടുകളിലെയും നീർച്ചാലുകളിലെയും

കുളവാഴയും ചണ്ടിയും നീക്കംചെയ്ത് നീരൊഴുക്ക് സുഗമമാക്കാനുള്ള പ്രവൃത്തികളും നടത്തിവരുന്നു.

ജലസ്രോതസ്സുകളുടെ സംഭരണശേഷി വർധിപ്പിക്കാനും ഭൂഗർഭജലനിരപ്പ് നിലനിർത്താനും ഉപ്പുവെള്ളം കയറുന്നത് തടയാനും ആവശ്യമായ സ്ഥലങ്ങളിൽ തടയണകൾ നിർമ്മിക്കുകയും ചെയ്യുന്നു. ഇതിലൂടെ കൃഷിക്കാവശ്യമായ ജലലഭ്യത ഉറപ്പുവരുത്താനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു.

ജലസേചന പദ്ധതികളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും സമയബന്ധിതമായി പൂർത്തിയാക്കി പ്രവർത്തനക്ഷമത വിലയിരുത്തുന്നതിന് ജലസേചന വകുപ്പിന്റെ മെക്കാനിക്കൽ വിഭാഗവും ബന്ധപ്പെട്ട സിവിൽ വിഭാഗവുമായി ചേർന്ന് പരിശോധനകൾ നടത്താറുണ്ട്.

(ബി) ജലസേചനപദ്ധതികളുടെ പരിപാലനത്തിനും ജലവിതരണത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കർഷക കൂട്ടായ്മകളുടെയും സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി, ജലസേചന പദ്ധതികളുടെ പരിധിയിൽ വരുന്ന തദ്ദേശസ്ഥാപന പ്രതിനിധികൾ,

പാടശേഖര സമിതി അംഗങ്ങൾ, ജലസേചന വകുപ്പ് ഉദ്യോഗസ്ഥർ, ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർ, എന്നിവരെ ഉൾപ്പെടുത്തി 'സ്ഥിരം സമിതി'കൾ, പ്രോജക്ട് അഡ്വൈസറി കമ്മിറ്റി' യോഗങ്ങൾ എന്നിവ സംഘടിപ്പിക്കാറുണ്ട്. ജലസേചന പദ്ധതിയുടെ പരിപാലനത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം, കനാലുകളിലെ കാട് വെട്ടി തെളിച്ച് ജലവിതരണം സുഗമമാക്കാനുള്ള പ്രവൃത്തികളും ചെയ്തുവരുന്നുണ്ട്. സമയബന്ധിതമായി കനാലുകളുടെ അറ്റകുറ്റ പണികളും ചെയ്തുവരുന്നു. ജലവിതരണവുമായി ബന്ധപ്പെട്ട തീരുമാനങ്ങളിൽ കർഷകരുടെ അഭിപ്രായങ്ങൾ മുൻകൂട്ടിയറിഞ്ഞ് ജലലഭ്യതയ്ക്കനുസൃതമായി കർഷകർക്ക് കൃത്യമായ ഷെഡ്യൂൾ (Crop Calendar) മുഖേന വെള്ളമെത്തിക്കാനുള്ള ക്രമീകരണം ചെയ്തുവരുന്നു. ജലം പാഴാക്കുന്നത് പരമാവധി തടഞ്ഞ്, ലഭ്യമായ വെള്ളം ഉപയോഗിച്ച് കൂടുതൽ കൃഷിഭൂമിയിലേക്ക് ജലം എത്തിക്കുന്നതിനായുള്ള സമഗ്രമായ കർമ്മപദ്ധതികളും തയ്യാറാക്കാറുണ്ട്. കനാലുകളുടെ ശാസ്ത്രീയ നവീകരണം വഴി, പ്രധാന കനാലുകളിലും ഉപകനാലുകളിലും വെള്ളം മണ്ണിലേക്ക്

ഊർന്നുപോകുന്നത് തടയാൻ, കനാലുകളിലെ ചോർച്ച കണ്ടെത്തി, യഥാസമയം അറ്റകുറ്റ പണികൾ നടത്തി, കോൺക്രീറ്റ് ലൈനിങ് ചെയ്തുവരുന്നു. എല്ലാ വർഷവും ജലവിതരണത്തിന് മുമ്പായി കനാലുകൾ വൃത്തിയാക്കാറുമുണ്ട്.

(സി) വരൾച്ച രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശങ്ങൾക്ക് മുൻഗണന നൽകി ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ജലസേചന പദ്ധതികളുമായി ബന്ധപ്പെട്ട നിർമ്മാണ, അറ്റകുറ്റപ്പണി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. വരൾച്ചാബാധിത പ്രദേശങ്ങളിലെ ജലലഭ്യത, കൃഷിയുടെ ആവശ്യകത, നിലവിലുള്ള ജലസേചന സംവിധാനങ്ങളുടെ അവസ്ഥ എന്നിവ പരിഗണിച്ച് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, നിലവിലുള്ള ജലസ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തുക, നൂതന ജലസേചന മാർഗമായ മൈക്രോ ഇറിഗേഷൻ നടപ്പിലാക്കുക, ജലസേചന കനാലുകളിലെ ചോർച്ചയും ജലനഷ്ടവും കുറയ്ക്കുക, തകരാറിലായ ജലസേചന

സംവിധാനങ്ങളുടെ അറ്റകുറ്റപ്പണികൾ അടിയന്തരമായി പൂർത്തിയാക്കുക, കർഷകർക്ക് ആവശ്യമായ ജലം യഥാസമയം ലഭ്യമാക്കുക എന്നിവയ്ക്കും മുൻഗണന നൽകിവരുന്നു. പ്രവൃത്തികളുടെ പുരോഗതി നിരീക്ഷിച്ച് കാലതാമസം ഒഴിവാക്കി പ്രവൃത്തികൾ എത്രയുംവേഗം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ശ്രീ. സുധീർഷാ പാലോട്</u>: സർ, വാട്ടർ അതോറിറ്റിയുടെ ജലം മാത്രം ആശ്രയിക്കുന്ന പ്രദേശങ്ങളിൽ അതിരൂക്ഷമായ ജലക്ഷാമമുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. വാമനപുരം നദിയിലെ ജലസ്രോതസ്സിനെയാണ് നാലഞ്ച് നിയോജകമണ്ഡലങ്ങളിലെ ജനങ്ങൾ ആശ്രയിക്കുന്നത്. വാമനപുരം നിയോജകമണ്ഡലത്തിൽ നിലവിൽ പ്രവർത്തിക്കുന്ന 10 MLD പ്ലാന്റിന്റെയും പുതുതായി ആരംഭിക്കാൻ പോകുന്ന 12 MLD പ്ലാന്റിന്റെയും ജലസ്രോതസ്സ് വാമനപുരം നദിയിലായതിനാൽ ടി നദിയിൽ പുതിയ ചെക്ക് ഡാമുകളും റെഗുലേറ്ററുകളും സ്ഥാപിക്കുന്നതിനും, അതുപോലെ അനുബന്ധ ജലവിതരണ സംവിധാനങ്ങൾ കൂടുതലായി നടത്തുന്നതിനായി ബന്ധപ്പെട്ട വകുപ്പിന്റെ

സാങ്കേതികപഠനം നടത്തി അടിയന്തര പ്രശ്നപരിഹാരത്തിനുള്ള സംവിധാനമുണ്ടാക്കുമോ?

ശ്രീ. മോൻസ് ജോസഫ്: സർ, ഏറ്റവും പ്രധാനപ്പെട്ട ജലസ്രോതസ്സ് എന്ന നിലയിൽ വാമനപുരം നദിയെ പ്രയോജനപ്പെടുത്തിക്കൊണ്ട് തുടർന്ന് നടപ്പാക്കാൻ കഴിയുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് പ്രത്യേകം പരിശോധിക്കാം. വിവിധ എം.എൽ.എ.-മാർ ഇക്കാര്യത്തിൽ ആവശ്യം ഉന്നയിച്ചിരിക്കുന്ന സാഹചര്യത്തിൽ, ഒരു സാധ്യതാപഠനം ഇക്കാര്യത്തിൽ നടത്തുന്നതാണ്. തീർച്ചയായും വാമനപുരം നദിയുമായി ബന്ധപ്പെട്ട് എന്തൊക്കെ കാര്യങ്ങൾ കൂടുതലായി ചെയ്യാൻ കഴിയുമെന്നുള്ളത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുകയാണ്.

ശ്രീ. സുധീർഷാ പാലോട്: സർ, പലപ്പോഴും വാട്ടർ അതോറിറ്റിയും പി.ഡബ്ല്യൂ.ഡി.-യുമായി ഒരു ഏകോപനം കാണാത്ത സാഹചര്യം നിലവിലുണ്ട്. പൈപ്പുകൾ പൊട്ടിയൊലിക്കുന്ന സമയത്ത് പഞ്ചായത്തിൽ പി.ഡബ്ല്യൂ.ഡി.-യുടെ വർക്കുകൾ നടക്കുമ്പോൾ തന്നെ പഴയ പൈപ്പുകൾ

മാറ്റാനുള്ള സംവിധാനം കൂടിയുണ്ടെങ്കിൽ പിന്നീട് ഒരു കട്ടിങ്ങ് പെർമിഷനോ റോഡ് വെട്ടിപ്പൊളിക്കാനുള്ള സാഹചര്യമോ ഒഴിവാക്കാൻ സാധിക്കും. അത്തരത്തിൽ പഴയ പൈപ്പുകൾ മാറ്റേണ്ട പ്രദേശങ്ങളുടെ ഡാറ്റ വാട്ടർ അതോറിറ്റിയുടെ പക്കലുണ്ടോ; അതിന് അടിയന്തരമായ പരിഹാരമുണ്ടാകുമോ?

ശ്രീ. മോൻസ് ജോസഫ്: സർ, ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്ന്, തുടർച്ചയായി വാട്ടർ അതോറിറ്റിയുടെ പൈപ്പ് പൊട്ടുന്നതാണ്. അതുകൊണ്ട് റീപ്ലേസ്മെന്റ് ഓഫ് പൈപ്പ്, കാലപ്പഴക്കംമൂലം പഴകിയ പൈപ്പുകളെല്ലാം മാറ്റി പുതിയവ സ്ഥാപിച്ചാൽ മാത്രമേ ഇതിന് ശാശ്വതപരിഹാരം കണ്ടെത്താൻ കഴിയൂ. പക്ഷേ സാമ്പത്തിക പ്രതിസന്ധിമൂലം പലപ്പോഴും ഇവ ഒട്ടിച്ച് ഒട്ടിച്ച് പോകുകയാണ് പതിവ്. അതിനൊരു മാറ്റംവരുത്താനുള്ള മുൻഗണന ഗവൺമെന്റ് നൽകിക്കൊണ്ട്, ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ ഇക്കാര്യത്തിൽ ആവശ്യമായ പരിശോധന നടത്തുകയും പരിഹാരത്തിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുമെന്ന് അറിയിക്കുന്നു.

ശ്രീ. ചാണ്ടി ഉമ്മൻ: സർ, പാമ്പാടി, വാകത്താനം, പുതുപ്പള്ളി എന്നീ മൂന്ന് പഞ്ചായത്തുകൾ വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെട്ടപ്പോൾ self Restore ചെയ്യാമെന്നാണ് പറഞ്ഞത്. ഇന്ന് ഈ പഞ്ചായത്തുകൾക്കൊന്നും ഫണ്ടില്ലാത്തതിനാൽ സകല റോഡുകളും തകർന്നുകിടക്കുകയാണ്. പഞ്ചായത്തുകൾക്ക് restore ചെയ്യാനുള്ള സാഹചര്യമില്ലാത്തതിനാൽ ഫണ്ട് അലോട്ട് ചെയ്യാൻ എന്തെങ്കിലും മാർഗമുണ്ടോ; യാതൊരു ദീർഘവീക്ഷണവുമില്ലാത്ത രീതിയിലാണ് പ്രവൃത്തികൾ ചെയ്തതെന്ന കാര്യത്തിൽ സംശയമില്ല. ഗവൺമെന്റ് ഇക്കാര്യത്തിൽ ഇടപെട്ട് എന്തെങ്കിലും സഹായം ചെയ്യാൻ തയ്യാറാകുമോ?

ശ്രീ. മോൻസ് ജോസഫ്: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് വസ്തുതയാണ്. ആദ്യത്തെ മൂന്ന് സ്റ്റേജിലും റോഡ് റിസ്റ്റോറേഷന് ഫണ്ട് ഉണ്ടായിരുന്നില്ല. അങ്ങനെയൊരു കാര്യം പോലും അതിലുൾപ്പെടുത്തിയിരുന്നില്ല. റോഡ് വെട്ടിപ്പൊളിക്കുക; പൈപ്പിട്ടിട്ട് പോകുക എന്നുള്ളതല്ലാതെ റോഡ് നന്നാക്കുന്നതിനെക്കുറിച്ച് യാതൊരു കാഴ്ചപ്പാടുമില്ലാതെ പോയി. അതുകൊണ്ട് ആദ്യത്തെ മൂന്നും നാലും

ഘട്ടങ്ങളിൽ പരിപൂർണ്ണമായും പ്രതിസന്ധിയുണ്ടായിട്ടുണ്ട്. എന്നാൽ ഇപ്പോൾ റോഡ് റിസ്റ്റോറേഷനുള്ള ഫണ്ടുകൂടി ചേർത്താണ് ജലജീവൻ പദ്ധതി മുന്നോട്ടുപോകുന്നത്. പക്ഷേ എം.എൽ.എ. ചൂണ്ടിക്കാട്ടിയതുപോലെ രണ്ടുകാര്യങ്ങൾ ചെയ്യാം. ഒന്ന്, പഞ്ചായത്തുകൾക്ക് restore ചെയ്യാൻ അനുവാദം നൽകാം. അതിലൂടെ അവർ റീസ്റ്റോർ ചെയ്യുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റി തുക നൽകുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കും. രണ്ട്, പഞ്ചായത്ത്/ മുനിസിപ്പാലിറ്റി restore ചെയ്താലും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുക അവർക്ക് റീ-ഇമ്പേഴ്സ് ചെയ്യാവുന്നതാണ്. ഈ വിഷയം പരിഹരിക്കേണ്ടതായുള്ളതിനാൽ പണം കൊടുക്കാനുള്ള സംവിധാനം സർക്കാർ ആരംഭിച്ചിട്ടുണ്ട്. പുതുതായി വരുന്ന സ്കീമുകളിൽ റോഡ് restoration ചെയ്യുന്നതിനുള്ള ഫണ്ട് ഉൾപ്പെടുത്തിയിട്ടുണ്ട്.

ഈ വിഷയത്തിന്മേൽ, പൊതുമരാമത്ത് വകുപ്പുമന്ത്രി, ശ്രീ. പി. കെ. ബഷീറിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. കെ. എം. ഷാജിയുടെയും സാന്നിധ്യത്തിൽ ചർച്ചചെയ്തതിന്റെ ഭാഗമായി ഒരു സിസ്റ്റം തയ്യാറാക്കിയിട്ടുണ്ട്. ഇനിമുതൽ റോഡ് വെട്ടിപ്പൊളിച്ചാൽ അത് restore

ചെയ്യുന്നതിനുള്ള ചുമതല വാട്ടർ അതോറിറ്റിക്ക് ആയിരിക്കില്ല. പൈപ്പ് സ്ഥാപിക്കലാണ് വാട്ടർ അതോറിറ്റി ചെയ്യുന്നത്. അത്തരം സാഹചര്യങ്ങളിൽ റോഡ് നന്നാക്കുന്നതിനുള്ള ചുമതല പി.ഡബ്ല്യൂ.ഡി.-യോ എൽ.എസ്.ജി.ഡി.-യോ നിർവഹിക്കേണ്ടതാണ്. ഈ സിസ്റ്റം കൃത്യമായി പാലിച്ചുപോകേണ്ടതിനാൽ റോഡ് restoration ഫണ്ട് വാട്ടർ അതോറിറ്റിയും റോഡ് restoration പി.ഡബ്ല്യൂ.ഡി.-യും ആണ് നിർവഹിക്കുന്നത്. പഞ്ചായത്ത് റോഡാണെങ്കിൽ, റീസ്റ്റോറേഷൻ ഫണ്ട് നൽകുന്നത് വാട്ടർ അതോറിറ്റിയും റോഡ് റീസ്റ്റോർ ചെയ്യുന്നത് പഞ്ചായത്തും ആയിരിക്കും ചെയ്യുന്നത്. ആ നിലയിൽ കൃത്യമായൊരു സിസ്റ്റം മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നൊരു സാഹചര്യമുണ്ടാക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ഈ വിഷയങ്ങൾ ചർച്ചചെയ്ത് ഗവൺമെന്റ് കൃത്യമായ ഒരു നടപടിയിലേക്കെത്താനുള്ള സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്. അക്കാര്യം ഉറപ്പുവരുത്താൻ വകുപ്പ് പ്രത്യേകമായി ശ്രദ്ധിക്കുമെന്നുകൂടി ഈ അവസരത്തിൽ അറിയിക്കുകയാണ്.

ശ്രീ. രാജൻ ജെ. പല്ലൻ: സർ, പലപ്പോഴും കനാലുകളുടെ തകരാറുകളും തടസ്സവുംമൂലം കാർഷികമേഖലകളിൽ ആവശ്യമായ ജലലഭ്യത തടസ്സപ്പെടുന്നുണ്ട്. ആയത് ഒഴിവാക്കാൻ ഉദ്യോഗസ്ഥതലത്തിൽ ഫീൽഡുതല പരിശോധനകൾ നടത്താറുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ മാനദണ്ഡം എന്തൊക്കെയാണ്?

ശ്രീ. മോൻസ് ജോസഫ്: സർ, ഫീൽഡുതല പരിശോധനകൾ കാര്യമായി നടക്കുന്നതായി കാണുന്നില്ല. ഫണ്ടിന്റെ അപര്യാപ്തതയും ഫീൽഡുതല പരിശോധനകളുടെ കുറവും കാരണം കനാലുകളുടെ നവീകരണം കടുത്ത പ്രതിസന്ധി നേരിടുകയാണ്. കനാലുകളുടെ നവീകരണവും കനാലുകളുടെ അറ്റകുറ്റപ്പണികളും കാര്യക്ഷമമായി ചെയ്യാൻ കഴിയുന്ന വിധത്തിലുള്ള നടപടിയിലേയ്ക്ക് കടക്കേണ്ടതുണ്ട്. ഇക്കാര്യത്തിനായി കൂടുതൽ ഫണ്ട് അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ധനകാര്യവകുപ്പിന്റെകൂടി പരിഗണനയിലും അഭ്യർഥിച്ചിട്ടുണ്ട്. മുൻകാലങ്ങളിലൊന്നും ഫണ്ട് ലഭ്യമാകാറില്ല. ഒരു സംസ്ഥാനമൊട്ടാകെയുള്ള ഇത്തരം പ്രതിസന്ധികൾക്ക് നാലോ അഞ്ചോ കോടി രൂപ

വിനിയോഗിച്ചതുകൊണ്ടുമാത്രം എന്ത് ചെയ്യാൻ കഴിയും? അതിനാൽ ഈ അവസ്ഥയ്ക്ക് മാറ്റംവരുത്തുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉറപ്പുനൽകിയിട്ടുണ്ട്. അക്കാര്യത്തിൽ വിദേശ ഫണ്ടിങ് ഏജൻസികളുടെ സഹായം സർക്കാർ അഭ്യർഥിച്ചിട്ടുണ്ട്. ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കനാലുകളുടെ അറ്റകുറ്റപ്പണികളും നവീകരണവും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുമെന്നത് ഉറപ്പാണ്. ഇറിഗേഷൻ ടൂറിസം എന്ന ഒരു പുതിയ പ്രോജക്ട് സംസ്ഥാന ഗവൺമെന്റ് കൊണ്ടുവരികയാണ്. കനാലുകളുടെ ചുറ്റുപാടുകളിൽ അന്യാധീനപ്പെട്ടുകിടക്കുന്ന സ്ഥലങ്ങൾ മുഴുവനും പ്രയോജനപ്പെടുത്തിക്കൊണ്ട് പുതിയ ടൂറിസം പ്രോജക്ട് ആവിഷ്കരിക്കുന്നതോടുകൂടി കനാലുകളുടെ നവീകരണവും ശുദ്ധീകരണവും നടപ്പാക്കാനുള്ള ഫണ്ട് ലഭ്യമാകും. തീർച്ചയായും ഈ പ്രശ്നത്തിന് ഒരു ശാശ്വതപരിഹാരം കണ്ടെത്താനുള്ള മുൻഗണന ഗവൺമെന്റ് നൽകുമെന്നുകൂടി അറിയിക്കുകയാണ്.

ശ്രീ. കെ. ബിനിമോൻ: സർ, വൈക്കം നിയോജകമണ്ഡലത്തിലെ അപ്പർ കുട്ടനാടൻ പ്രദേശങ്ങളിൽപ്പെട്ട വില്ലേജുകളിൽ ജലസേചനത്തിനുള്ള

പ്രധാന കനാലുകളും തോടുകളും തുടർച്ചയായ വെള്ളപ്പൊക്കംമൂലം എക്കലും മണ്ണും നിറഞ്ഞ് ആഴം കുറയുകയും പോളകൾ നിറയുകയും ചെയ്യുന്നതിനാൽ കൃഷിചെയ്യാൻ കഴിയാത്ത അവസ്ഥയിലാണ്. കനാലുകളുടെ ആഴം കുറയുന്നതിനാൽ സാധാരണ മഴക്കാലത്തുപോലും പാടശേഖരങ്ങളുടെ സംരക്ഷണ ഭിത്തികൾ തകരുന്നത് ഈ മേഖലയിൽ വൻതോതിൽ കൃഷി നശിക്കുന്നതിന് കാരണമാകുന്നു. ഇത് പരിഹരിക്കുന്നതിന് പ്രധാനമായും കനാലുകളുടെയും തോടുകളുടെയും ആഴം കൂട്ടുന്നതിനും പുറംബണ്ടുകൾ ഉയരം കൂട്ടി ബലപ്പെടുത്തുന്നതിനും പോള നിർമ്മാർജനം ചെയ്ത് കനാലുകളിലെയും തോടുകളിലെയും ജലമൊഴുക്ക് സുഗമമാക്കുന്നതിനുംവേണ്ട സ്ഥിരമായ സംവിധാനം നടപ്പാക്കുമോ; വൈക്കം നിയോജക മണ്ഡലത്തിലെ കല്ലറ ഗ്രാമ പഞ്ചായത്തിലുള്ള വെള്ളത്താൽ ചുറ്റപ്പെട്ട ഒരു പ്രദേശമാണ് മുണ്ടാർ. നടന്നുപോകാൻപോലും വഴിയില്ലാത്തതിനാൽ അവിടെയുള്ളവർ കനാലുകളിലൂടെ വള്ളത്തിലാണ് സഞ്ചരിക്കുന്നത്. അവിടെയുള്ള കുട്ടികൾക്ക് കൃത്യസമയത്ത് സ്കൂളിൽ പോകാൻപോലും കഴിയാത്ത

സാഹചര്യമായതിനാൽ ഇക്കാര്യത്തിൽ പ്രത്യേകമായൊരു നടപടി സ്വീകരിക്കുമോ?

ശ്രീ. മോൻസ് ജോസഫ്: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. ബിനിമോൻ ഉന്നയിച്ച പ്രശ്നങ്ങളൊക്കെയും പ്രത്യേകം പരിഗണിക്കുന്നതാണ്. അദ്ദേഹം ഇപ്പോൾ ചൂണ്ടിക്കാണിച്ച വെള്ളത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന മുണ്ടാർ പ്രദേശം വൈക്കം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ളതാണെങ്കിലും നേരത്തെ അത് ഞാൻ പ്രതിനിധീകരിച്ചിരുന്ന കടുത്തുരുത്തി നിയോജകമണ്ഡലത്തിലായിരുന്നു. അതൊരു പൊതുവിഷയവുമാണ്, അവിടെയുള്ള ഒട്ടനവധി ആളുകൾ കഷ്ടപ്പെടുന്ന ഒരു സാഹചര്യമാണുള്ളത്. മുണ്ടാർ ഉൾപ്പെടെയുള്ള പ്രദേശങ്ങൾക്കുവേണ്ടി പ്രത്യേകമായൊരു പ്രോജക്ടിന് രൂപം നൽകുന്നതാണ്. ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും കഴിഞ്ഞ പ്രാവശ്യം സഭയിൽ ചോദ്യങ്ങൾ ഉന്നയിച്ചപ്പോൾ, വേമ്പനാട്ടുകായലിലെ ശുചീകരണ-നവീകരണമുൾപ്പെടെയുള്ള കാര്യങ്ങൾ വളരെ പ്രാധാന്യത്തോടെ മുഖ്യമന്ത്രി സഭയിൽ അഡ്രസ് ചെയ്യുകയും അങ്ങ് അത് ചൂണ്ടിക്കാണിക്കുകയും ചെയ്തിരുന്നു. ചുരുങ്ങിയ സമയത്തിനുള്ളിൽ ഈ

വിഷയത്തിൽ കൃഷി, തദ്ദേശസ്വയംഭരണം, ഇറിഗേഷൻ എന്നീ വകുപ്പുകൾ സംയോജിപ്പിച്ചുകൊണ്ട് പ്രാഥമിക പഠനം നടത്തി 830 കോടി രൂപയുടെ പ്രോജക്ടിന് രൂപം നൽകി. പ്രാരംഭ ഘട്ടത്തിന് 260 കോടി രൂപ ആവശ്യമാണ്. കുട്ടനാട്, അപ്പർ കുട്ടനാട് പ്രദേശങ്ങളിലെ എം.എൽ.എ.-മാരെല്ലാം ചൂണ്ടിക്കാണിച്ച പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ സമഗ്രമായ ഒരു പ്രോജക്ട് രൂപീകരിക്കുകയാണ്. ഇത് പ്രയോജനപ്പെടുത്തിക്കൊണ്ട് കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിലെ വെള്ളപ്പൊക്കക്കെടുതികൾ പരിഹരിക്കാനും തോടുകളുടെയും പുഴകളുടെയും ജലാശയങ്ങളുടെയും ആഴം കൂട്ടി നീരൊഴുക്ക് സുഗമമാക്കാനും നടപടിയുണ്ടാകും. അങ്ങയുടെ നിയോജകമണ്ഡലത്തിൽ ഉൾപ്പെടെയുള്ള ഇത്തരം കാര്യങ്ങളെക്കുറിച്ച് ഇന്നലെ ചർച്ചചെയ്തു. പാലങ്ങൾ ആവശ്യമില്ലാത്തയിടങ്ങളിൽ അവയുടെ തൂണുകൾ മാത്രമായി അവശേഷിക്കുകയും പാലമുള്ള സ്ഥലങ്ങളിൽ അവ നീരൊഴുക്കിന് തടസ്സമുണ്ടാക്കുകയും ചെയ്യുന്ന സാഹചര്യവുമുണ്ട്. ഇക്കാര്യങ്ങൾ സമഗ്രമായി പരിശോധിച്ച് ഒരു പുതിയ വികസന പരിപാടിയിലേക്ക് കടക്കാൻ സാധിക്കുന്ന തരത്തിലുള്ള പ്രോക്ടിന് രൂപം നൽകാനുള്ള നടപടികൾ

സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി കുട്ടനാട്, അപ്പർ കുട്ടനാട് പ്രോജക്ടിൽ മുണ്ടാറിന് കൂടി മുൻഗണന നൽകി വൈക്കം അംഗം ചൂണ്ടിക്കാണിച്ച പ്രധാന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ഈ പ്രോജക്ടിൽ അവയെല്ലാം ഉൾപ്പെടുത്തി നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. സജി ചെറിയാൻ: സർ, പ്രളയം ഏറ്റവും കൂടുതൽ ബാധിച്ച ഒരു പ്രദേശമാണ് ചെങ്ങന്നൂർ നിയോജകമണ്ഡലം. പമ്പയാറും അച്ചൻകോവിലാറും കരകവിഞ്ഞൊഴുകി ഇരുവശങ്ങളും ഇടിഞ്ഞുതകർന്ന്, ജനങ്ങൾക്ക് ജീവിക്കാൻ സാധിക്കാത്ത സാഹചര്യമാണ് അവിടെ നിലനിൽക്കുന്നത്. അപ്പർ കുട്ടനാടിന്റെ ഭാഗമെന്ന നിലയിൽ പമ്പയാർ, അച്ചൻകോവിലാർ എന്നിവയുടെ തീരങ്ങൾ സംരക്ഷിക്കാനുള്ള നടപടികൾ അങ്ങ് അടിയന്തരമായി സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. ധാരാളം പ്രോജക്ടുകളും എസ്റ്റിമേറ്റുകളും ഉൾപ്പെടെ എല്ലാ വിവരങ്ങളും അങ്ങയുടെ മുന്നിൽ സമർപ്പിച്ചിട്ടുള്ളതാണ്. അതിനാൽ അപ്പർ കുട്ടനാടിന്റെ ഭാഗമായി പമ്പയാർ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള തുക അടിയന്തരമായി അനുവദിക്കുമോയെന്നാണ് എനിക്ക് അറിയേണ്ടത്.

ശ്രീ. മോൻസ് ജോസഫ്: സർ, പമ്പ-അച്ചൻകോവിൽ ആറുകളുമായി ബന്ധപ്പെട്ടുള്ള പ്രോജക്ടുകൾ ഗവൺമെന്റിന്റെ പരിഗണനയിലാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യത്തിന് നൽകാൻ കഴിയുന്ന പരമാവധി ഫണ്ട് നൽകുന്നതാണ്. അക്കാര്യത്തിൽ പരിഹാരമുണ്ടാക്കാൻ വേണ്ടതായ നടപടികൾ സ്വീകരിക്കുമെന്നുള്ളത് അറിയിക്കുകയാണ്.

ശ്രീ. സി. ആർ. മഹേഷ്: സർ, ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ നിർദ്ദേശപ്രകാരം സുനാമി നഗറുകളിലെ പാവപ്പെട്ടവർക്കുവേണ്ടി ഒരു അദാലത്ത് സംഘടിപ്പിക്കുകയുണ്ടായി. അത് വളരെ പ്രയോജനം ചെയ്തിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വാട്ടർ കണക്ഷൻ വിച്ഛേദിക്കപ്പെട്ട പല കുടുംബങ്ങൾക്കും ഈ സർക്കാരിന്റെ ഇടപെടൽ കാരണം കുടിവെള്ളം പുനഃസ്ഥാപിച്ച് നൽകാൻ സാധിച്ചു. അതിന് വകുപ്പിനെ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഇപ്പോൾ ജലാശയങ്ങളിൽ വെള്ളപ്പൊക്കഭീഷണി നേരിടുന്ന ഒരു സമയമാണ്. ജലാശയങ്ങളിൽ കുളവാഴയും പായലുകളും നിറഞ്ഞ് ഉൾനാടൻ മത്സ്യബന്ധനത്തെയും ബോട്ട് യാത്രയെയും വരെ ഇത് സാരമായി ബാധിച്ചിരിക്കുകയാണ്. പള്ളിക്കലാർ, വട്ടക്കായൽ, ടി.എസ്.

കനാൽ തുടങ്ങി മറ്റ് പല ജലാശയങ്ങളിലും ഈ അവസ്ഥയാണുള്ളത്. ജലാശയങ്ങളുടെ ഉപരിതലം പൂർണ്ണമായും മറച്ചുകൊണ്ടാണ് പായലുകൾ വളരുന്നത്. മഴ ശക്തമാകുമ്പോൾ നീരൊഴുക്ക് തടസ്സപ്പെട്ട് വെള്ളപ്പൊക്കമുണ്ടാകാനും ഇത് കാരണമാകുന്നുണ്ട്. അങ്ങ് യോഗങ്ങൾ വിളിച്ചുചേർക്കുന്നതുവരെ ഇത് വൈകിപ്പിക്കാതെ, അടിയന്തരമായി പായലുകളും കുളവാഴകളും നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കാൻവേണ്ട ഇടപെടലുകൾ ഉണ്ടാകണം.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഇക്കാര്യത്തിൽ സാധ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണ്. ഇപ്പോൾ ലഭ്യമായ ഫണ്ട് പ്രയോജനപ്പെടുത്തി എല്ലാ അസംബ്ലി നിയോജകമണ്ഡലങ്ങളിലും ഇത്തരത്തിലുള്ള കാര്യങ്ങൾ ചെയ്യുന്നതാണ്. പോള നിർമ്മാർജനം ചെയ്യുന്നതുമായി ബന്ധപ്പെട്ട വിഷയം കഴിഞ്ഞ ദിവസം വിശദമായി ചർച്ച ചെയ്തിട്ടുള്ളതാണ്. എങ്കിലും ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, ഇക്കാര്യത്തിൽ ചെയ്യാവുന്ന കാര്യങ്ങൾക്കായി അടിയന്തരനിർദ്ദേശം നൽകുന്നതാണ്. സംസ്ഥാനത്ത് വാട്ടർ കണക്ഷൻ

ഡിസ്കണക്ട് ചെയ്ത കുറച്ചു ഭാഗങ്ങളുണ്ട്. ഇതിൽ കൂടുതൽപേരും തുക അടയ്ക്കാൻ ശേഷിയില്ലാത്ത പാവപ്പെട്ടവരാണ്. കഴിഞ്ഞ സർക്കാർ വാട്ടർ കണക്ഷൻ ഡിസ്കണക്ട് ചെയ്തതുകാരണം മാസങ്ങളോളം വെള്ളമില്ലാതെ കഷ്ടപ്പെടുന്ന സ്ഥിതിവിശേഷമുണ്ടായി. ഈ സാഹചര്യത്തിൽ എല്ലാ കണക്ഷനുകളും പുനഃസ്ഥാപിക്കണമെന്ന് ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ട്. കണക്ഷൻ പുനഃസ്ഥാപിക്കുമ്പോൾ തുക അടയ്ക്കുന്നതിനായി ഇവർക്ക് സാവകാശം നൽകുകയും വലിയ തുകകളാണ് അടയ്ക്കേണ്ടതെങ്കിൽ സർക്കാരിലേക്ക് അപേക്ഷ നൽകിയാൽ, എക്സിക്യൂട്ടീവ് എഞ്ചിനീയർ പരിശോധിച്ച് ഇളവ് നൽകുന്നതിനുള്ള നിർദേശവും നൽകിയിട്ടുണ്ട്. സാധ്യമായ ഇളവുകൾ അനുവദിക്കുകയും കൂടാതെ തവണകളായി തുക അടയ്ക്കാൻ സമയം നൽകുന്നതുമാണ്. അവർക്ക് ഒരിക്കലും വെള്ളം കൊടുക്കില്ലെന്ന ഇതുവരെ എടുത്ത നിലപാട് തിരുത്തുകയാണ്. വാട്ടർ കണക്ഷൻ പുനഃസ്ഥാപിക്കും, കുടിശ്ശിക തുക തുടർന്ന് അടയ്ക്കും. വൻ സാമ്പത്തിക ബാധ്യതയുള്ള വാട്ടർ അതോറിറ്റി, പാവപ്പെട്ടവരുടെ കുടിവെള്ളം ഇല്ലാതാക്കിയിട്ട് രക്ഷപ്പെടേണ്ട കാര്യമില്ലെന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. അതിന്റെ

ഭാഗമായി എല്ലാവർക്കും വാട്ടർ കണക്ഷൻ നൽകുന്നതാണ്. സംസ്ഥാനത്തെ എല്ലാ എം.എൽ.എ.-മാരുടെയും യോഗം ചേരാൻ പോകുകയാണ്. എല്ലാ ജില്ലകളിലും പ്രധാനപ്പെട്ട ഉദ്യോഗസ്ഥർ പങ്കെടുത്തുകൊണ്ട് വാട്ടർ അതോറിറ്റിക്ക് തുക നൽകാൻ സാധിക്കാത്തതിന്റെ പേരിൽ കുടിവെള്ള കണക്ഷൻ വിച്ഛേദിക്കപ്പെട്ടവരുടെ പ്രശ്നങ്ങൾ അദാലത്ത് നടത്തി തീർപ്പാക്കുന്നതിനുള്ള നിർദേശം നൽകിയിട്ടുണ്ട്. തീർപ്പുണ്ടാക്കാൻ സാധിക്കാത്ത പ്രശ്നങ്ങൾ ഗവൺമെന്റ് തലത്തിൽ പരിശോധിച്ച്, മുഴുവൻ കുടുംബങ്ങളെയും സഹായിക്കുന്ന നിലപാട് സർക്കാർ സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. കെ. പ്രേംകുമാർ: സർ, ജലസേചനവും കുടിവെള്ളവുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന പ്രശ്നങ്ങളുടെ ഗൗരവസ്വഭാവം കണക്കിലെടുക്കുമ്പോൾ, ജീവനക്കാരുടെ കുറവും ഇതിനൊരു പ്രധാന കാരണമാണ്. അത്തരത്തിൽ ആവശ്യമായ ജീവനക്കാരുടെ എണ്ണം വർധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; കൂടാതെ, കനാലുകളുടെ നവീകരണം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർവഹിക്കാൻ

സാധിക്കുന്ന ഒരു സാഹചര്യമുണ്ടായിരുന്നു. എന്നാലിപ്പോൾ അതിന് ചില തടസ്സങ്ങൾ നേരിട്ടിരിക്കുകയാണ്. ആ തടസ്സങ്ങൾ പരിഹരിക്കുകയാണെങ്കിൽ കനാലുകളുടെ നവീകരണത്തോടൊപ്പം ധാരാളം പേർക്ക് തൊഴിൽ നൽകാനും സാധിക്കും. ഇക്കാര്യങ്ങൾ ഗൗരവമായി പരിഗണിക്കുമോ?

ശ്രീ. മോൻസ് ജോസഫ്: സർ, തീർച്ചയായും പരിഗണിക്കുന്നതാണ്. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തി കനാലുകളുടെ നവീകരണം നേരത്തെ നടത്തിയിരുന്നു. പിന്നീടത് തുടരാൻ സാധിക്കാത്ത സാഹചര്യമുണ്ടായപ്പോൾ സർക്കാർ ആ വിഷയത്തിൽ സജീവമായി ഇടപെട്ടു. ഇപ്പോൾ അതിലെ വ്യവസ്ഥകൾ പുനഃക്രമീകരിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റ് തങ്ങളുടെ നിലപാട് മാറ്റിയിട്ടുണ്ട്. അതിന്റെ ഭാഗമായി തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളെക്കൂടി പ്രയോജനപ്പെടുത്തി കനാലുകളുടെ നവീകരണം നടത്താൻ സാധിക്കുന്ന സാഹചര്യം വീണ്ടും സംജാതമായിരിക്കുകയാണ്. കേന്ദ്ര നിർദേശങ്ങൾ പാലിച്ചുകൊണ്ട് സംസ്ഥാനത്തിന് ഇത് എങ്ങനെ നടപ്പാക്കാൻ സാധിക്കുമെന്നതിനെക്കുറിച്ച്

ഒരു പുതിയ ക്രമീകരണത്തിന് വകുപ്പുതലത്തിൽ നടപടി സ്വീകരിക്കാൻ നിർദേശം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച ഉത്തരവ് ഉടൻതന്നെ വരുന്നതാണ്. അതിൻപ്രകാരം ഈ പ്രവർത്തനങ്ങളെല്ലാം ചെയ്യുന്നതാണ്. അതോടൊപ്പം ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യങ്ങൾകൂടി പ്രത്യേകം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീമതി രമ്യ ഹരിദാസ്: സർ, ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ വാമനപുരം നദിയെയും ആറ്റിങ്ങൽ, പോത്തൻകോട്, കഴക്കൂട്ടം ഭാഗങ്ങളിൽ നിന്നുള്ള ജലസേചന പദ്ധതികളും ചേർത്താണ് നിലവിൽ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നത്. എന്നാൽ, കൃഷിക്കാവശ്യമായ ജലവും കുടിവെള്ളവും കൃത്യമായി ലഭ്യമാകാത്തതിന്റെ വലിയൊരു പ്രയാസം ഈ പ്രദേശങ്ങളിൽ നിലനിൽക്കുന്നുണ്ട്. ജലസേചന പദ്ധതികൾ ഒന്നുകൂടി ശക്തമാക്കുന്നതിനായി, തീരദേശ മേഖലയിൽ കടൽവെള്ളം ശുദ്ധീകരിക്കുന്നതിനുള്ള ഒരു പ്ലാന്റ് എങ്കിലും സ്ഥാപിക്കാനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുകയാണെങ്കിൽ ജലസേചന

പദ്ധതികളിൽനിന്നുള്ള വെള്ളം പൂർണ്ണമായും കൃഷിക്ക് ഉപയോഗിക്കാനും ശുദ്ധീകരിക്കുന്ന കടൽവെള്ളം തീരദേശ മേഖലയിലെ കുടിവെള്ള ആവശ്യങ്ങൾക്കായി വിനിയോഗിക്കാനും സാധിക്കും. അത്തരത്തിലുള്ള ഏതെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ശ്രീ. മോൻസ് ജോസഫ്: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച രണ്ട് പ്രശ്നങ്ങളും സർക്കാർ ഇതിനോടകം പരിശോധിച്ചിട്ടുണ്ട്. കൃഷിയുമായി ബന്ധപ്പെട്ട കാര്യത്തിൽ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ശ്രീ. ടി. സിദ്ദിഖിന്റെ നേതൃത്വത്തിൽ വാട്ടർ അതോറിറ്റി, ഇറിഗേഷൻ വകുപ്പുദ്യോഗസ്ഥരുടെ ഉന്നതതല യോഗം വിളിച്ചുചേർത്ത് കൃഷിയും ജലസേചനവും സംയോജിപ്പിച്ച് കൊണ്ടുപോകാൻ സാധിക്കുന്നൊരു പ്രോജക്ടിനെക്കുറിച്ച് വിശദമായി ചർച്ച ചെയ്തു. റവന്യൂ, തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രികൾ പ്രസ്തുത യോഗത്തിൽ പൂർണ്ണ സഹകരണം അറിയിച്ചിട്ടുണ്ട്. അങ്ങനെ നാല് വകുപ്പുമന്ത്രിമാർ ചേർന്നുനടത്തിയ യോഗത്തിന്റെ നിർദേശങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിക്കാൻ പോവുകയാണ്. ആയതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഒരു

യോഗം ചേരാനാണ് ഞങ്ങൾ പൊതുവായി തീരുമാനമെടുത്തിട്ടുള്ളത്. കൃഷിയുമായി ബന്ധപ്പെടുത്തി ജലസേചനത്തിന്റെ സാധ്യതകൾ മുന്നോട്ട് കൊണ്ടുപോകാനുള്ള കാര്യങ്ങൾ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നതാണ്.

കടൽവെള്ളം ശുദ്ധീകരിച്ച് കുടിവെള്ളമാക്കുന്നതിനുള്ള വലിയ പദ്ധതികൾ നിലവിൽ കേരളത്തിൽ ലഭ്യമല്ല. എന്നാൽ ഇത് തീർച്ചയായും നമ്മുടെ സംസ്ഥാനത്ത് ആരംഭിക്കേണ്ട ഒരു പദ്ധതിയാണ്. തീരദേശ പ്രദേശങ്ങളിലാകെ കുടിവെള്ളമില്ലാതെ ജനങ്ങൾ വലിയ ബുദ്ധിമുട്ടാണ് നേരിടുന്നത്. ബഹുമാനപ്പെട്ട അംഗത്തോടൊപ്പം അഞ്ചുതെങ്ങ് ഉൾപ്പെടെയുള്ള പ്രദേശങ്ങൾ സന്ദർശിക്കുകയുണ്ടായി. കടലോരങ്ങളിൽ താമസിക്കുന്ന അവിടുത്തെ പാവപ്പെട്ട മനുഷ്യർ കുടിവെള്ളമില്ലാതെ കഷ്ടപ്പെടുന്നതിനെക്കുറിച്ച് സങ്കടത്തോടെ പറയുകയുണ്ടായി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ, പ്രത്യേകിച്ച് യൂറോപ്പിലും അമേരിക്കയിലും കടൽവെള്ളം ശുദ്ധീകരിച്ച് കുടിവെള്ളമായി ഉപയോഗിക്കുന്ന വിപുലമായ സംവിധാനങ്ങളുണ്ട്. കേരളം പോലെ ജലാശയങ്ങളാൽ സമ്പന്നമായ ഒരു

സംസ്ഥാനത്ത് ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ട്. സംസ്ഥാനത്ത് കടൽവെള്ളം ശുദ്ധീകരിക്കുന്ന പദ്ധതി ആരംഭിക്കുന്നതിനായി രണ്ട് ഏജൻസികളെ പഠനം നടത്തി റിപ്പോർട്ട് നൽകാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം ഗവൺമെന്റിന് പ്രായോഗികമായി നടപ്പാക്കാൻ സാധിക്കുമോയെന്ന് പ്രത്യേകം പരിശോധിക്കുന്നതാണ്.